*13-10-2026*

*Question Hour*

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*31)

**ഇൻവെസ്റ്റ് കേരളം പദ്ധതി**

1 (*31) ശ്രീ. വിഷ്ണു മോഹൻ:
ശ്രീ. ഉല്ലാസ് കോവൂർ:
ശ്രീ. വി. കുഞ്ഞികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന ഇൻവെസ്റ്റ് കേരളം പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ ആകെ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇൻവെസ്റ്റ് കേരളം സംരംഭങ്ങൾ വഴി സംസ്ഥാനത്ത് ആകെ എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിക്ഷേപകർക്ക് അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി സിംഗിൾ വിൻഡോ സംവിധാനത്തിലും മറ്റ്

നടപടിക്രമങ്ങളിലും വരുത്തിയിട്ടുള്ള പ്രധാന ഇളവുകളും പരിഷ്കാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, (എ-സി) ഉയർന്ന മാനവ വികസന സൂചിക, മികച്ച സാക്ഷരതാ നിരക്ക്, മികച്ച ആരോഗ്യ വിദ്യാഭ്യാസ സൂചികകൾ, ബിരുദധാരികളുടെ ലഭ്യത, സാമൂഹിക സ്ഥിരത, മികച്ച കണക്റ്റിവിറ്റി എന്നിവ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സമഗ്ര വികസനത്തിനും ഉതകുന്ന വിധത്തിൽ നിക്ഷേപകരെ ആകർഷിക്കുവാൻ സാധിക്കുന്ന പ്രധാന ശക്തികളാണ്. എന്നാൽ ഭൂമിയുടെ ലഭ്യത കുറവ്, ഉയർന്ന വില, നടപടിക്രമങ്ങളിലെ കാലതാമസം എന്നിവ നിക്ഷേപകരെ ആകർഷിക്കുന്നതിന് തടസ്സമാകാറുണ്ട്. ഇവ ഒഴിവാക്കി നിക്ഷേപകർക്ക് ആവശ്യമായ സൗകര്യങ്ങളും നിയമപരമായ വിവിധ അനുമതികളും നിക്ഷേപാനന്തര പിന്തുണയും ഓരോ ഘട്ടത്തിലും ഉറപ്പുവരുത്തുന്നതിനായി ഡാറ്റാ അധിഷ്ഠിത ഇൻവെസ്റ്റ് കേരളം എന്ന പേരിൽ ഒരു പ്രത്യേക സെൽ നൂറ് ദിന പരിപാടിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ

ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ രൂപീകരിച്ചു. പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനും ഇൻവെസ്റ്റ് കേരളം സെൽ മികച്ച സംഭാവന നൽകുമെന്ന് സർക്കാർ കരുതുന്നു. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു+. കൂടാതെ വിദേശത്തുള്ള കേരളീയരുടെ സംഘടനകളുടെ സഹകരണത്തോടെ വിദേശ നിക്ഷേപം ആകർഷിക്കുന്നതിനായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നിവിടങ്ങളിൽ കേരളാ ഡെസ്കുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു+.)

കെ.എസ്.ഐ.ഡി.സി. മുഖേനയും ഇൻഫർമേഷൻ ടെക്നോളജി, എ.ഐ. & ഫ്യൂച്ചർ ടെക്നോളജി വകുപ്പ് മുഖേനയും 73,401 കോടി രൂപയുടെ നിക്ഷേപ പദ്ധതികളുടെ വാഗ്ദാനങ്ങൾ ഇതിനകം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, കാക്കനാട്ടുള്ള കിൻഫ്രയുടെ ഭൂമിയിൽ ഐ.റ്റി.സി.-യും വിഴിഞ്ഞം തുറമുഖം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രീകരിച്ച് KSIE-യുടെ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷനും പ്രമുഖ ലോജിസ്റ്റിക് ഗ്രൂപ്പായ ഷറഫ് ഗ്രൂപ്പിന്റെ ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുന്നതിനുള്ള നിർദേശങ്ങൾ പരിഗണനയിലാണ്. സോളാർ പവർ സിസ്റ്റം, ബാറ്ററി സ്റ്റോറേജ് സിസ്റ്റം, കാസർഗോഡ് ജില്ലയിലെ ബോക്സൈറ്റ് ഖനനം, ബങ്കറിങ് സർവീസ് തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമൂലം ലഭ്യമാകുന്ന തൊഴിലവസരങ്ങൾ കണക്കാക്കിവരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 21838 പുതിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി 1,756.52 കോടി രൂപയുടെ നിക്ഷേപവും 48304 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) സാങ്കേതിക പരിശോധനയും വിവിധ വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും നിയമപരമായ അനുമതികൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുമായി രൂപീകരിച്ച ഇൻവെസ്റ്റ് കേരളം പദ്ധതിയുടെ തുടർച്ചയായി 'ഒരു സംസ്ഥാനം - ഒരു അനുമതി - ഒരു രേഖ' സംവിധാനവും അതിനായുള്ള ഏക നിയമാധിഷ്ഠിത അതോറിറ്റിയായ സരൾ

കേരളം (Simplified and Accelerated Regulatory Approvals and Licencing) പദ്ധതിക്കും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3-ആയി ചേർത്തിരിക്കുന്നു+.)

ഈ പദ്ധതി നിയമപരമായി നടപ്പാക്കുന്നതിന് ആവശ്യമായ പ്രത്യേക നിയമം നിർമ്മിക്കാനും നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഉത്തരവുകളിലും അനുബന്ധ ഭേദഗതികൾ വരുത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പുതുക്കിയ ഇൻസെന്റീവ് പാക്കേജും ഭൂവിനിയോഗത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

<u>ശ്രീ. വിഷ്ണു മോഹൻ</u>: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ പദ്ധതികൾ കൂടാതെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 73,401 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്തേക്ക് നിക്ഷേപക വാഗ്ദാനമായി ലഭിച്ചെന്നത് കേരള സർക്കാരിന്റെയും സംസ്ഥാന വ്യവസായ വകുപ്പിന്റെയും അഭിമാന നേട്ടമായി എന്നും രേഖപ്പെടുത്തുമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട വ്യവസായ

---
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ, വൺ ഡോക്യുമെന്റ് പദ്ധതി പ്രകാരം സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കരണ നടപടികളും 19 നിയമ ഭേദഗതികൾ അടക്കമുള്ളവയും ഭൂവിനിയോഗം സംബന്ധിച്ച ഭേദഗതികളും ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നിയമ ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് തടസ്സമായി വരുന്ന ധാരാളം വകുപ്പുതല അപ്രൂവലുകളുണ്ട്. ഏകജാലകം സംവിധാനമെന്നൊക്കെ വാക്കാൽ പറഞ്ഞാൽ മതിയാകില്ല. തടസമായി നിൽക്കുന്ന നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടിവരും. ഓരോ വകുപ്പിലും കൊണ്ടുവരേണ്ട ഭേദഗതികളാണവ. അത് കൊണ്ടുവരാനുള്ള നയപരമായ തീരുമാനമെടുത്തുകഴിഞ്ഞു. അതത് ഭേദഗതികൾ ഗവൺമെന്റ് ആലോചിച്ച് ഓരോന്നോരോന്നിനായി തീരുമാനങ്ങളെടുക്കുകയും സഭയ്ക്കുമുമ്പിൽ കൊണ്ടുവരുകയും ചെയ്യും.

<u>ശ്രീ. വിഷ്ണു മോഹൻ</u>: സർ, One State, One Approval, One Documents പദ്ധതിപ്രകാരം സിംഗിൾ വിൻഡോ ഓപ്പൺ ചെയ്ത്

നൽകുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുവേണ്ടി മുൻകരുതൽ എന്ന നിലയിൽ എന്തെല്ലാം നടപടികളാണ് ഈ പദ്ധതി പ്രഖ്യാപനത്തിലൂടെ സർക്കാരിന് മുന്നോട്ടുവയ്ക്കാൻ സാധിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആശങ്കയുണ്ടാകേണ്ട കാര്യമില്ല. അപ്രൂവലുകളൊന്നും ഒരു ഡിപ്പാർട്ടുമെന്റിനെയും ബൈപാസ് ചെയ്യുന്നില്ല. നിശ്ചിത സമയത്തിനകം നൽകണമെന്ന് മാത്രമേയുള്ളൂ. ഉദാഹരണമായി, നടപടിക്രമങ്ങൾ അനുസരിച്ച് 25 കോടി രൂപയുടെ പദ്ധതികൾക്കുവരെ ജില്ലാതലത്തിൽ അംഗീകാരം നൽകാൻ സാധിക്കും. 50 കോടി രൂപയ്ക്കുമുകളിൽ വരുന്ന പദ്ധതികൾക്ക് സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അപ്രൂവൽ ആവശ്യമാണ്. ഒരു ഡിപ്പാർട്ടുമെന്റിന്റെയും സ്ക്രൂട്ടിണി ബൈപ്പാസ് ചെയ്തിട്ടല്ല അംഗീകാരം നൽകുന്നത്. നിശ്ചിത സമയത്തിനകം പദ്ധതികൾക്ക് അംഗീകാരം നൽകണമെന്നാണ് ഇതുസംബന്ധിച്ച് ഗവൺമെന്റ് ക്യാബിനറ്റിൽ വിശദമായ ചർച്ച ചെയ്ത് സ്വീകരിച്ച തീരുമാനം. പത്തെഴുപത്തിയഞ്ച് ദിവസത്തിനകം പദ്ധതികൾ

സംബന്ധിച്ച തീരുമാനമെടുക്കണം. ടൈംഫ്രെയിമുണ്ട്. അതാണ് അതിന്റെ മെയിൻ സ്പിരിറ്റ്.

ശ്രീ. ഉല്ലാസ് കോവൂർ: സർ, അപ്രൂവൽ കമ്മിറ്റികളുടെ അപ്പീലിനായിട്ടുള്ള അവസരത്തെ സംബന്ധിച്ച് വ്യക്തമാക്കണം; സംസ്ഥാനതല/ജില്ലാതല കമ്മിറ്റികൾ നിരസിക്കുന്ന പദ്ധതി അപേക്ഷകൾക്ക് അപ്പീൽ നൽകുന്നതിനുള്ള ബോഡികൾ ഏതൊക്കെയാണെന്നത് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നോർമലായി എല്ലാതരത്തിലുള്ള സ്ക്രൂട്ടിണിയും കഴിഞ്ഞ് ഫൈനലായാണ് അപ്രൂവൽ നൽകുന്നത്. ഏത് പൗരൻമാർക്കും ഏത് അപ്രൂവലായാലും കോടതിയിൽ ചോദ്യം ചെയ്യാനുള്ള അവസരമുണ്ട്.

ശ്രീ. വി. കുഞ്ഞികൃഷ്ണൻ: സർ, പരിസ്ഥിതി അനുമതികളുമായി ബന്ധപ്പെട്ട് നിക്ഷേപകർ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

*13-10-2026*

*Question Hour*

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പരിസ്ഥിതി സംബന്ധമായി കേരളം വളരെ സെൻസിറ്റീവാണ്. അതിന്റെ നടപടിക്രമങ്ങൾ നിരവധിയുണ്ട്. പക്ഷെ പല അപ്രൂവലിനും ധാരാളം കാലതാമസം എടുക്കുന്നുവെന്നുള്ള ആക്ഷേപമുണ്ട്. അതിന്റെ എല്ലാ നടപടിക്രമങ്ങളും ഇവിടെ വിശദീകരിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട അംഗത്തിന് അത് ലഭ്യമാക്കുന്നതാണ്.

<u>ശ്രീ. വി. ജോയി</u>: സർ, വ്യവസായ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനുള്ള പദ്ധതികളും അതുമായി ബന്ധപ്പെട്ട് വേഗത്തിൽ അവർക്ക് ലൈസൻസ് ലഭ്യമാക്കുന്നതുമായ കാര്യങ്ങളാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. പക്ഷെ കിൻഫ്ര നിരവധി പ്രദേശങ്ങളിൽ ഭൂമി വാങ്ങിയിട്ടിട്ടുണ്ട്. വിവിധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കഴിഞ്ഞ കുറേ കാലമായി കിൻഫ്ര വർക്കല അടക്കമുള്ള സ്ഥലങ്ങളിൽ പത്തുമുപ്പത് ഏക്കർ സ്ഥലം വാങ്ങിയിട്ടിട്ടുണ്ട്. അവിടെ ആകർഷകമായ വ്യവസായ പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്ന എന്തെങ്കിലും പദ്ധതികളുണ്ടോ?

*13-10-2026*

*Question Hour*

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കിൻഫ്രയുടെ കൈവശമുള്ള ഭൂമി കേരളത്തിന്റെ പല ഭാഗത്തും ധാരാളമായി ഒഴിഞ്ഞുകിടക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുള്ള കിൻഫ്ര പാർക്കുകളിൽ നിറയെ വ്യവസായങ്ങളുണ്ട്. വാസ്തവത്തിൽ സ്ഥലം ഇല്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. വർക്കലയിൽ കിൻഫ്ര പാർക്ക് വന്നിട്ട് കുറച്ചുകാലമായെങ്കിലും ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് വേറെ ആലോചിക്കാം. പല ജില്ലകളിലും പല നിയോജകമണ്ഡലങ്ങളിലും വളരെ റിമോട്ടായ ഏരിയയിൽ കിൻഫ്രയ്ക്ക് നേരത്തെയുള്ള സ്ഥലങ്ങൾ വ്യവസായങ്ങളൊന്നുമില്ലാതെ കാട് പിടിച്ചുകിടക്കുന്നുണ്ട്. മറ്റൊന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ സോളാർ പോലെയുള്ള മറ്റ് പല പദ്ധതികളും അവിടെ നടപ്പാക്കാൻ ഇപ്പോൾ സാധിക്കുന്ന നിലയുണ്ട്. പഴയതുപോലെയല്ല. എല്ലാ കിൻഫ്രാ പാർക്കുകളും സജീവമാക്കാനുള്ള പദ്ധതി ഗവൺമെന്റിന്റെ ആലോചനയിലുണ്ട്.

<u>ശ്രീ. പി. കെ. ഫിറോസ്</u>: സർ, നമ്മുടെ സംസ്ഥാനത്തെ ഒരു വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി

*13-10-2026*

*Question Hour*

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ അങ്ങുനടത്തുന്ന ശ്രമങ്ങൾ തീർച്ചയായും സ്വാഗതാർഹമാണ്. പ്രത്യേകിച്ച് രാജ്യത്തിനുപുറത്ത് ഏതാണ്ട് അഞ്ച് രാജ്യങ്ങളിൽ കേരളാ ഡെസ്കുകൾ തുടങ്ങാൻ തീരുമാനിച്ചുവെന്ന വാർത്ത കേൾക്കാനിടയായി. തീർച്ചയായും അഭിനന്ദനമർഹിക്കുന്ന ഒരു കാര്യമാണത്. മുൻ സർക്കാരിന്റെ കാലത്ത് സിംഗിൾ വിൻഡോ സിസ്റ്റമുണ്ടായിരുന്നെങ്കിൽപ്പോലും വ്യവസായം ആരംഭിക്കുന്ന ആളുകൾ ആത്മഹത്യ ചെയ്യേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ആത്മഹത്യ ചെയ്ത ആന്തൂരിലെ സാജനെപ്പോലെയുള്ള ചിലരുടെ പേരുകൾ മാത്രമേ നമുക്ക് ഓർമ്മയുള്ളൂ. ആത്മഹത്യ ചെയ്യാതെ നമ്മുടെ സംസ്ഥാനവും രാജ്യവും വിട്ട് പോയവരുമുണ്ട്. പലപ്പോഴും സിംഗിൾ വിൻഡോ സിസ്റ്റത്തെക്കുറിച്ച് വ്യവസായികൾ സൂചിപ്പിക്കുന്നതെന്തെന്നാൽ, എല്ലാ വിൻഡോയുടെയും കൂടെ മറ്റൊരു വിൻഡോകൂടി ഞങ്ങൾ നേരിടേണ്ടി വരുന്നുവെന്നും അതിനായി അനുമതി കിട്ടാനുള്ള കാലതാമസം ഇപ്പോഴുമുണ്ടെന്നുമാണ്. സിംഗിൾ

വിൻഡോ സിസ്റ്റത്തിന്റെ അപാകതകൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേട്ടുമടുത്ത ഒരു കാര്യമാണ് സിംഗിൾ വിൻഡോ ക്ലിയറൻസ് എന്നത്. Many windows to one window എന്ന അപകടം ഒഴിവാക്കണം. ഇനി അങ്ങനെ പ്രയോഗിക്കേണ്ടതില്ല. One State one approval എന്നതാണ് ഞങ്ങളുടെ തീരുമാനം. അതിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോഡിയുണ്ട്. അത് അസംബ്ലിയിൽ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്നതാണ്. കൂടാതെ ഇവിടെ സൂചിപ്പിച്ചതുപോലെ ടൈംഫ്രെയിം വച്ചിട്ടുണ്ട്. ഇനി ഒരുപാട് വിൻഡോയിലൂടെ കടന്ന് അടുത്ത വിൻഡോയിലൂടെ പോകുന്ന രീതി ഒഴിവാക്കാം. വാതിൽ തന്നെയുണ്ട്. വാതിലിലൂടെ പുറത്തേക്ക് പോകാവുന്നതാണ്. One State One Approval എന്ന രീതിയാണ് ഇപ്പോഴുള്ളത്. നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ളതുപോലെ... ഒരു സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ശക്തി ഇൻവെസ്റ്റ്മെന്റാണ്. സർക്കാർ ഫണ്ടുകൊണ്ട്

ആരംഭിക്കാവുന്നതും ചെയ്യാവുന്നതുമായ കാര്യങ്ങൾക്ക് പരിമിതിയുണ്ട്. പഴയ കാലത്തെപോലെയല്ല. പബ്ലിക് സെക്ടറിൽ ഒരുപാട് ഇൻവെസ്റ്റ്മെന്റ് ചെയ്യുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കേണ്ടതും ഇക്കണോമി മാറ്റേണ്ടതും ഇൻവെസ്റ്റ്മെന്റിലൂടെയാണ്. അതുകൊണ്ടാണ് അത്യധികം പ്രയോറിറ്റി നൽകി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നയപ്രഖ്യാപന പ്രസംഗത്തിലും ബജറ്റ് പ്രസംഗത്തിലുമൊക്കെ ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തീരുമാനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. വിദേശ ഡെസ്കുകളെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന സംവിധാനത്തിന് പകരമുള്ളൊരു സംവിധാനമാണത്. ദുബായിൽ ഒരു സെന്ററാണുള്ളതെങ്കിലും അതൊരു ചെറിയ ബോഡിയാണെങ്കിലും അവിടെയുള്ള നിക്ഷേപകരെ ഓർഗനൈസ് ചെയ്ത് കേരളത്തിലേക്ക് വിടാൻ കഴിയും. ഇവിടെ കെ.എസ്.ഐ.ഡി.സി.-യിൽ 'ഇൻവെസ്റ്റ് കേരളം' എന്ന നല്ലൊരു സംവിധാനമുണ്ട്. ക്ലിയറൻസ് സംവിധാനം വേഗത്തിലാക്കാനും കഴിയും. അവിടെ നമുക്ക് സ്വാധീനിക്കാൻ

കഴിയുന്ന ആളുകളുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ കഴിയുന്ന എൻ.ആർ.ഐ.-കളെ സംഘടിപ്പിച്ച് ഇവിടേക്ക് കൊണ്ടുവന്ന് ക്ലിയറൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൂർത്തിയാക്കണം. അതായത് തമിഴ്നാട് മോഡലിലുള്ള ഒരു സംവിധാനമാണുദ്ദേശിക്കുന്നത്. ലോക കേരളസഭ പദ്ധതിക്കൊണ്ട് ഉദ്ദേശിച്ചത് ഇതാണെങ്കിലും അതിൽ വേണ്ടത്ര ഫലമുണ്ടായില്ല. ഈ രീതി അവലംബിക്കുമ്പോൾ നല്ല ഫലമുണ്ടാകുമെന്നാണ് ഞങ്ങൾ കരുതുന്നത്. ടി പറഞ്ഞ ഹെൽപ്ഡെസ്ക് സംവിധാനത്തിലൂടെ തമിഴ്നനാട് നല്ല റിസൾട്ടുണ്ടാക്കിയിട്ടുണ്ട്. KSIDC പോലെ തമിഴ്നാട്ടിൽ ഒരു സംവിധാനമുണ്ട്. ഇൻവെസ്റ്റ് ചെയ്യാനുദ്ദേശിക്കുന്ന വ്യക്തികൾ അവിടെയെത്തി ഈ സംവിധാനത്തിലെ ഉദ്യോഗസ്ഥരുമായി ചർച്ചചെയ്യും. ഡാറ്റാബേസിൽ നിന്നുമാണ് വിവരങ്ങളൊക്കെ ലഭിക്കുന്നത്. എവിടെയാണോ പ്രോജക്റ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത് അവിടെ സ്ഥലം നൽകും. ആവശ്യത്തിന് ആളുകളെ വിട്ടുകൊടുക്കും. മെഗാ ഇൻവെസ്റ്റ്മെന്റാണെങ്കിൽ എല്ലാ ക്ലിയറൻസും പെട്ടെന്ന് ശരിയാക്കും. ഇത്രയധികം സിംപിളായാണ് കാര്യങ്ങൾ ചെയ്യുന്നത്. ഇതേ സംവിധാനം

കേരളത്തിലും ആവിഷ്കരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതുകൊണ്ടാണ് പരിഷ്കാരമായി തന്നെ ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. ഇതുസംബന്ധിച്ച എല്ലാ തീരുമാനങ്ങളും കാബിനറ്റ് എടുത്തുകഴിഞ്ഞു. ഇനി ഇക്കാര്യങ്ങൾ നടപ്പാക്കിയാൽ മതിയാകും. ഇത് സഭയിൽ ബില്ലായി അവതരിപ്പിക്കും. കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടറുടെ നേതൃത്വത്തിൽ 'ഇൻവെസ്റ്റ് കേരളം' വിങ് KSIDC-യിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച കാര്യങ്ങൾ ഉടനെ മുന്നോട്ടുനീക്കും.

ശ്രീ. കെ. പ്രേംകുമാർ: സർ, വ്യവസായ സൗഹൃദ അന്തരീക്ഷത്തിൽ മുന്നിൽനിന്നിരുന്ന സംസ്ഥാനമായിരുന്നു കേരളം. വനിതകൾക്ക് ഉൾപ്പെടെ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നേരത്തെയുണ്ടായിരുന്നു. കേരളത്തിലെ ആദ്യത്തെ വനിതാ സ്വകാര്യ വ്യവസായ പാർക്ക് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടിയിലായിരുന്നു ആരംഭിച്ചത്. വനിതാ സംരംഭകരെ

പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇത്തരം പദ്ധതികൾ തുടർന്നുകൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വനിതകൾക്ക് വേണ്ടിയുള്ള ധാരാളം പദ്ധതികൾ ഓരോ സ്കീമിലുമുണ്ട്. അവയൊക്കെ പ്രോത്സാഹിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല. ഐ.ടി., ടെക്സ്റ്റൈൽ ഉൾപ്പെടെയുള്ള മേഖലകളിലും കുടുംബശ്രീ പോലുള്ള മേഖലകളിലും വനിതകൾക്കായുള്ള ധാരാളം പ്രോജക്ടുകളുണ്ട്. അതിനായി ഒരു പ്രൊവിഷൻ തന്നെ തയ്യാറാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യം തീർച്ചയായും പ്രോത്സാഹിപ്പിക്കും.

ശ്രീ. പി. എം. എ. സമീർ: സർ, ഏറ്റവും നല്ല നിക്ഷേപ സാഹചര്യവും ലോകത്തിലുണ്ടാകുന്ന പ്രതിസന്ധികൾക്കുള്ള പരിഹാരവും ഇന്ന് കേരളത്തിലുണ്ട്. പ്രത്യേകിച്ച് കാലാവസ്ഥ, ജലാശയങ്ങൾ തുടങ്ങിയ പ്രകൃതി ഘടകങ്ങൾ അനുകൂലമാണ്. ഉദാഹരണത്തിന് അലോപ്പതിയും ആയുർവേദവും യോഗയുമുൾപ്പെടെയുള്ള ചികിത്സാരീതികൾ സമന്വയിപ്പിച്ച് മലബാറിൽ ഒരു പ്രോജക്ട് കൊണ്ടുവന്നപ്പോൾ, തുലാ (Tulah) പ്രോജക്ടിൽ

വിദേശികളും വിദേശരാജ്യങ്ങളിലെ പ്രസിഡന്റുമാർ ഉൾപ്പെടെ അതിലെ ചികിത്സയും സേവനങ്ങളും തേടി ഇങ്ങോട്ടേക്കെത്തുകയാണ്. അതുപോലുള്ള മറ്റേതെങ്കിലും പദ്ധതികൾ കേരളത്തിൽ നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വളരെ പ്രാധാന്യമുള്ള ഒരു ചോദ്യമാണിത്. ഒരു പുതിയ ഇൻവെസ്റ്റ്മെന്റ് ഏരിയ ഓപ്പൺ ചെയ്ത് കിട്ടാനാണ് തുലാ ഡെമോൺസ്ട്രേറ്റ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ഉൾപ്പെടെയുള്ളവർ അതിന്റെ പ്രസന്റേഷൻ വീക്ഷിച്ചിരുന്നു. തുലായിലെ കൺസെപ്റ്റ് അനുസരിച്ച് അവർ പല കാര്യങ്ങൾക്കും പേറ്റന്റ് എടുത്തിട്ടുണ്ട്. ആയുർവേദം, യോഗ തുടങ്ങിവ എല്ലാം ചേർത്ത് ഹോളിസ്റ്റിക്കായ ഒരു ചികിത്സാരീതിയാണത്. രോഗനിർണ്ണയത്തിന് ശേഷം മാത്രമാണ് ചികിത്സകൾ ആരംഭിക്കുന്നത്. അലോപ്പതി ചികിത്സാരീതിയും ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങളും അവിടെയുണ്ട്. സാധാരണ ഹോസ്പിറ്റലുകളിലുള്ള ഒരു അന്തരീക്ഷം ഒഴിവാക്കി വളരെ കൺവീനിയന്റായ സാഹചര്യത്തിൽ ട്രീറ്റ്മെന്റ് സാധ്യമാണെന്നുള്ളതാണ്

അവിടെത്തെ പ്രത്യേകത. Longevity of Life.. ജീവിതത്തിന്റെ ദൈർഘ്യം കൂട്ടൽ.. ആരോഗ്യപരമായി ജീവിക്കുക എന്നതാണ് തത്വം. അതൊരു high-end മോഡലാണ്. ആയതിന്റെ ചെറിയ മോഡലുകളും സാധ്യമാണ്. അതുകൊണ്ടുതന്നെ അതിനെ നല്ലൊരു ഇൻവെസ്റ്റ്മെന്റ് അവസരമായി പ്രസന്റ് ചെയ്യാനുദ്ദേശിക്കുന്നുണ്ട്. ഇക്കാര്യം ഇൻവെസ്റ്റേഴ്സിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള പ്ലാനുകൾ തയ്യാറാക്കിവരുന്നുണ്ട്.

<u>ശ്രീ. സജി ചെറിയാൻ:</u> സർ, എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഒരു പദ്ധതിയായിരുന്നു റൈസ് പാർക്ക് പദ്ധതി. എന്റെ നിയോജകമണ്ഡലത്തിൽ നിന്നും അഞ്ച് ഏക്കർ സ്ഥലമേറ്റെടുത്ത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 50 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ വർഷങ്ങളായി അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പാതിവഴിയിലാണ്. പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കുട്ടനാട്, അപ്പർകുട്ടനാട്, ഓണാട്ടുകര മേഖലകളിൽ നെല്ലെടുത്ത് കുത്തി

അരിയാക്കുകയെന്ന രീതി അവലംബിക്കുമ്പോൾ, കിഴിവ് വരുത്തിയതിന്റെ ഭാഗമായി മില്ലുകാരുടെ ഭാഗത്തുനിന്നും ഭയങ്കരമായ ചൂഷണമാണുണ്ടാകുന്നത്. ഇക്കാര്യം അങ്ങയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാർ പദ്ധതി ഉപേക്ഷിച്ച അവസ്ഥയിലാണ്. അടിയന്തരമായി കുറച്ച് തുക അനുവദിക്കുകയാണെങ്കിൽ ഇതിന്റെ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. അത്തരത്തിലൊരു സഹായം ലഭ്യമാകുകയാണെങ്കിൽ അത് കുട്ടനാട്, അപ്പർകുട്ടനാട്, ഓണാട്ടുകര മേഖലകളിലെ നെൽകൃഷിക്കാർക്ക് വലിയ പ്രയോജനമാകും.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യം മുമ്പുതന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല. ഇത്തരത്തിൽ ഉദ്ദേശ്യലക്ഷ്യമുള്ള പ്രധാന പ്രോജക്ടാണെന്ന് സൂചിപ്പിച്ചതുകൊണ്ടുതന്നെ എത്രയുംവേഗം അതിനാവശ്യമായ തുടർനടപടി സ്വീകരിക്കാനുള്ള നിർദേശം

നൽകിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, വിഴിഞ്ഞം പോർട്ടിന്റെ വ്യാപാര സാധ്യതകൾ തഴപ്പായ, കൈത്തറി, കയർ ഉൽപ്പന്നങ്ങൾ തുടങ്ങിയ പാരമ്പര്യ വ്യവസായങ്ങൾക്ക് ഗുണകരമാകുംവിധം ഉപയോഗപ്പെടുത്താൻ വ്യവസായ വകുപ്പിനുകീഴിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പദ്ധതികളുണ്ട്. നിലവിൽ വിഴിഞ്ഞം പോർട്ടിന്റെ ഭാഗത്ത് കെ.എസ്.ഐ.ഇ.-യുടെ കീഴിൽ ഉൽപ്പന്നങ്ങൾ സ്റ്റഫ് ചെയ്ത് എക്സ്പോർട്ട് ചെയ്യുന്ന ഒരു സംവിധാനം ആരംഭിച്ചിട്ടുണ്ട്. സ്റ്റഫ് ചെയ്തയയ്ക്കുന്ന സാധനങ്ങളിൽ കൂടുതലും നമ്മുടെ ഫുഡ് പ്രോഡക്റ്റുകളും ആഗ്രോ പ്രോഡക്റ്റുകളുമാണ്. ബാലരാമപുരത്തെ കൈത്തറി ഉൽപ്പന്നങ്ങൾക്കും ഹാൻഡിക്രാഫ്റ്റ് സാധനങ്ങൾക്കും വേൾഡ് മാർക്കറ്റിൽ സ്ഥാനമുണ്ടോയെന്ന് നോക്കാം. കൊല്ലത്ത്, കൈകൊണ്ട് വൃത്തിയാക്കി തയ്യാറാക്കുന്ന കശുവണ്ടി പരിപ്പുകൾക്ക് ഇപ്പോൾ തന്നെ പ്രത്യേക മാർക്കറ്റുണ്ട്. അത് കൂടുതലയയ്ക്കാൻ ശ്രമിക്കാം. ഏതുവസ്തുവാണെങ്കിലും അത്

വിഴിഞ്ഞത്തുനിന്നും നേരിട്ട് എക്സ്പോർട്ട് ചെയ്യാം. ദുബായിൽ നിന്നാണെങ്കിൽ ഹോർമുസ് വഴി പോകണം. അവിടെ ഒരുപാട് പ്രശ്നങ്ങളുണ്ട്. എന്നാൽ വിഴിഞ്ഞത്തുനിന്നാണെങ്കിൽ നേരെ യൂറോപ്യൻ മാർക്കറ്റിലെത്തും. ലോജിസ്റ്റിക് പാർക്കുകൾ വേണ്ടത്രയുണ്ടെങ്കിൽ വലിയ പ്രയോജനമുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് വിദേശമാർക്കറ്റ് നോക്കാമായിരുന്നു. പക്ഷേ, അവിടെ ലോജിസ്റ്റിക് പാർക്കിന് സ്ഥലമില്ലാത്ത അവസ്ഥയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവിടെയുള്ള സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുസംബന്ധിച്ചുള്ള കാര്യങ്ങൾ നോക്കുന്നുണ്ട്. സ്ഥലത്തിന് വളരെ വിലക്കൂടുതലാണ്. എന്നിരുന്നാലും ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയേ പറ്റൂ. അതിന്റെ ശ്രമങ്ങൾ നടക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഏത് ഉൽപ്പന്നങ്ങളും വിദേശത്തേക്ക് കയറ്റി അയയ്ക്കാൻ കഴിയും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് 1700-ലധികം ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള

നടപടിപ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിരുന്നു. അതിന് കിഫ്ബിയുടെ കുറച്ച് ഫണ്ട് ലഭ്യമാകാത്തതിനാൽ കുറച്ച് മന്ദഗതിലായിട്ടുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. അത് വേഗത്തിലാക്കുന്നതിനൊപ്പം ഇതിന്റെ കൂടെ ക്ലബ് ചെയ്ത് ക്ലസ്റ്ററുകളായി പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, പട്ടാമ്പി പ്രദേശങ്ങളിലുള്ള വ്യവസായങ്ങളെക്കൂടി വ്യവസായ ഇടനാഴിയുമായി ചേർത്തുകൊണ്ട് മുന്നോട്ടുപോകുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി വളരെക്കാലമായി പ്രയോറിറ്റി ലിസ്റ്റിലുള്ളതും കേന്ദ്ര സഹായമുള്ളതുമാണ്. അത് തീർച്ചയായും അതേപടി മുന്നോട്ടുകൊണ്ടുപോകും. കുറച്ചധികം സ്ഥലം അവിടെ ഏറ്റെടുത്തിട്ടുണ്ട്. അത് മുൻഗണനയിൽ തന്നെ കൊണ്ടുപോകും. കുറച്ച് ഫണ്ട് ആവശ്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട Container freight station എന്റെ

നിയോജകമണ്ഡലത്തിൽ ബാലരാമപുരം സ്പിന്നിങ് മില്ലിന്റെ സ്ഥലം ഏറ്റെടുത്തുകൊണ്ടാണ് ആരംഭിക്കുന്നത്. സ്പിന്നിങ് മില്ലിന്റെ പ്രവർത്തനങ്ങളെ തടസപ്പെടുത്താത്ത വിധത്തിലാണ് അത് ആരംഭിക്കുന്നത്. നിലവിലുള്ള സ്പിന്നിങ് മിൽ ആധുനികവൽകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ ഞാൻ പോയിട്ടുണ്ടായിരുന്നു. സ്പിന്നിങ് മിൽ ആധുനികവൽക്കരിക്കാനുള്ള പദ്ധതികൾ വേറെ ആവിഷ്ക്കരിക്കണം. Container freight station വളരെ നന്നായി കെ.എസ്.ഐ.ഇ. മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. എല്ലാ സ്പിന്നിങ് സ്റ്റേഷനുകളും ആധുനികവൽക്കരിക്കാനുള്ള പദ്ധതിയുണ്ട്. ബാലരാമപുരത്തെ സ്പിന്നിങ് മില്ലും നവീകരിക്കുന്നതിനുള്ള നടപടികളുണ്ടാകും.

**ചെറുകിട യൂണിറ്റുകളുടെ അടച്ചുപൂട്ടൽ**

2(*32) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. എ. മുഹമ്മദ് റിയാസ്:
ശ്രീ. പി. പി. സുമോദ്:

*13-10-2026*

*Question Hour*

<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി കടന്നുള്ള ക്രഷർ മെറ്റീരിയലുകളുടെ വരവ് നിലച്ചത് സംസ്ഥാനത്തെ സിമന്റ്, ഹോളോബ്രിക്സ് നിർമ്മാണ മേഖലയുടെ സപ്ലൈ ചെയിനിനെയും ഉൽപാദനക്ഷമതയെയും എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അസംസ്കൃത വസ്തുക്കളുടെ ക്ഷാമംമൂലം തിരുവനന്തപുരം ജില്ലയിൽ മാത്രം 150-ഓളം ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയുടെ പുനരുജ്ജീവനത്തിനുവേണ്ടി എന്തൊക്കെ നയപരമായ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്;

(സി) വ്യവസായങ്ങൾ അടച്ചുപൂട്ടിയതുവഴി തൊഴിൽരഹിതരായ ആയിരക്കണക്കിന് തൊഴിലാളികൾക്കും ബാങ്ക് വായ്പാ ബാധ്യതകൾ നേരിടുന്ന സംരംഭകർക്കും ആശ്വാസം നൽകുന്നതിനായി എന്തെല്ലാം സാമ്പത്തിക പാക്കേജുകളാണ് വിഭാവനം ചെയ്യുന്നത്;

(ഡി) തമിഴ്നാട് സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ മൂലം ഉണ്ടായിട്ടുള്ള ചരക്കുനീക്കങ്ങളിലെ ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി അന്തർസംസ്ഥാന തലത്തിൽ ഏകോപനം മെച്ചപ്പെടുത്താൻ എന്തെല്ലാം നയതന്ത്ര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) അതിർത്തി കടന്നുള്ള ക്രഷർ മെറ്റീരിയലുകളുടെ വരവ് നിലച്ചതുമൂലം അസംസ്കൃത വസ്തുക്കൾക്കുണ്ടായ കടുത്ത ക്ഷാമം, വിലക്കയറ്റം എന്നിവ സംസ്ഥാനത്തെ ഹോളോബ്രിക്സ് നിർമ്മാണ മേഖലയുടെ സപ്ലൈ ചെയിനിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിൽ നഷ്ടവും ഉത്പാദന സ്തംഭനവും കൂടാതെ കരാറുകാർ നേരിടുന്ന പ്രതിസന്ധിയും ഉല്പാദനക്ഷമതയിൽ ഇടിവ് ഉണ്ടാക്കുന്നതിന് കാരണമാകുന്നുണ്ട്.

(ബി&സി) ലഭ്യമായ കണക്കുകൾ പ്രകാരം, തിരുവനന്തപുരം ജില്ലയിൽ ഹോളോബ്രിക്സ് മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 27 യൂണിറ്റുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത്. ഖനന മേഖലയിലെ

പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ 29-07-2026-ന് മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) തമിഴ്നാട് സർക്കാർ 2026 ജൂലായ് 9-ന് പുറത്തിറക്കിയ വിജ്ഞാപന പ്രകാരം കരിങ്കല്ല്, എംസാന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾക്ക് ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളാ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് 28-07-2026-ന് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 20-08-2026-ന് മഹാബലിപുരത്ത് വച്ച് നടന്ന സൗത്ത് സോൺ കൗൺസിൽ യോഗത്തിൽ പങ്കെടുക്കവേ മുഖ്യമന്ത്രിയും വ്യവസായ-ഐ.ടി. വകുപ്പുമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി ഈ നിരോധനം പിൻവലിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

*13-10-2026*

*Question Hour*

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, അസംസ്കൃത വസ്തുക്കളുടെ ക്ഷാമം കേരളത്തിന്റെ നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്ന ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ കല്ല്, എംസാന്റ്, മറ്റ് നിർമ്മാണ സാമഗ്രികളും ലഭ്യമല്ലാത്തത് കാരണം അന്താരാഷ്ട്ര തുറമുഖമായ വിഴിഞ്ഞം പോലെയുള്ള വൻ പദ്ധതികൾ, പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ, തദ്ദേശസ്വയംഭരണ വകുപ്പ് പദ്ധതികൾ, എം.എൽ.എ. വർക്കുകൾ തുടങ്ങിയ എല്ലാത്തിനെയും ബാധിച്ചിരിക്കുകയാണ്. കരാറുകാർ സാമഗ്രികൾ ലഭ്യമാകാത്തത് കാരണം എടുത്ത വർക്കുകൾ ഉപേക്ഷിച്ചുപോകുന്ന സാഹചര്യമുണ്ട്. നിർമ്മാണ മേഖല ആകെ സ്തംഭിച്ചിട്ടുണ്ട്. വീട് നിർമ്മിക്കുന്ന സാധാരണക്കാരനെയും ഇത് ബാധിച്ചിട്ടുണ്ട്. ഇതുകാരണം നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം രൂക്ഷമാണ്. പരിസ്ഥിതി ആഘാത പഠനം കൃത്യമായി നടത്തികൊണ്ട് ക്രഷറുകൾക്കും ക്വാറികൾക്കും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും ദൂരപരിധിയും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി അമിതമായി ചുമത്തിയിട്ടുള്ള ഫൈനുകൾ ക്രമവൽകരിച്ചും പൂട്ടികിടക്കുന്ന ക്വാറികളും

ക്രഷറുകളും തുറന്നുപ്രവർത്തിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മെറ്റീരിയൽ ക്ഷാമം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികളുണ്ടാകണമെന്നുള്ളത് സർക്കാരിന് നിർബന്ധമുണ്ട്. തമിഴ്നാട്ടിൽനിന്ന് ലഭിക്കുന്നതിനുള്ള ശ്രമം തുടരുന്നുണ്ട്. അതുപോലെ കേരളത്തിലെ തടസങ്ങൾ ഒഴിവാക്കി എല്ലാ അനുമതികളും പാലിച്ചുകൊണ്ടുതന്നെ മെറ്റീരിയൽ ക്ഷാമം പരിഹരിക്കാനുള്ള സമയബന്ധിതമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കേരളം വളരെ സെൻസിറ്റീവാണെന്ന് അറിയാമല്ലോ. എല്ലാ നിയമാനുസൃതം പ്രവർത്തിക്കുന്ന ക്വാറികളും ഓപ്പറേഷനിലാക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് ചെക്ക് പോസ്റ്റുകളിലെ തടസങ്ങൾ ഒഴിവാക്കാൻ അന്തർ സംസ്ഥാന ഏകോപന സമിതി രൂപീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ? മുഖ്യമന്ത്രിയുമായും മന്ത്രിതല ചർച്ചകളും സമയബന്ധിതമായി നടത്തി

കേരളത്തെ ബാധിക്കുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച് എല്ലാ വകുപ്പുകളുടെ ഉദ്യോഗസ്ഥരും സെക്രട്ടറിമാരും പങ്കെടുത്ത യോഗം നടന്നു. കൂടാതെ വ്യവസായ വകുപ്പ് stake holders-ന്റെ യോഗം നടത്തി ഇതുസംബന്ധിച്ച തീരുമാനങ്ങളെടുത്തുകഴിഞ്ഞു. അധികം വൈകാതെ തടസങ്ങൾ ഒഴിവാക്കാമെന്നാണ് കരുതുന്നത്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, മെറ്റീരിയലുകളുടെ ലഭ്യത കുറവുമൂലം ക്വാറി ഉൽപന്നങ്ങളുടെ വില വർധനവ് കടുത്തതാണ് എന്നത് യാഥാർഥ്യമാണ്. ഓൾട്ടർനേറ്റീവ് നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും മെറ്റീരിയലുകളുടെ പുനരുപയോഗം സംബന്ധിച്ചും ഒരു സയന്റിഫിക് സ്റ്റഡി നടത്താൻ സാധിക്കുമോ; അതുപോലെ ക്വാറി ഉൽപന്നങ്ങളുടെ വിതരണത്തിന് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

*13-10-2026*

*Question Hour*

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് മെറ്റീരിയൽ ലഭിച്ചിരുന്നെങ്കിൽ നല്ലതായിരുന്നു. എല്ലാം നമ്മുടെ മലയും കുന്നും ഇടിച്ച് ലഭ്യമാക്കാൻ സാധിക്കില്ല. മഹാബലിപുരത്ത് വച്ച് തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയുമായി ഞങ്ങൾ വളരെ സമയമെടുത്ത് ചർച്ച നടത്തി. അദ്ദേഹം വളരെ പോസിറ്റീവായി സംസാരിച്ചെങ്കിലും നിർമ്മാണ സാമഗ്രികൾ ഇവിടെയ്ക്ക് കൊണ്ടുവരുന്നതിൽ പ്രയാസങ്ങളുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വളരെ മുമ്പ് തന്നെ മെറ്റീരിയലിന്റെ ക്ഷാമം കേരളത്തിലുണ്ടായിരുന്നു. കാരണം വ്യാപകമായി കേരളത്തിൽ പ്രവർത്തിച്ചിരുന്ന ഒരുപാട് ക്വാറികൾ പല കാരണങ്ങളാൽ പൂട്ടിപ്പോയി. കേരളത്തിലെ ക്വാറികളിൽ നിന്നും നമുക്ക് ലഭ്യമായിരുന്ന മെറ്റീരിയലിന്റെ ലഭ്യത ഗണ്യമായി കുറഞ്ഞു. 2500/- രൂപ ഒരു ലോഡിന് ഉണ്ടായിരുന്ന മെറ്റൽ 6000/- രൂപ മുതൽ 9000/- രൂപ വരെ നൽകി തമിഴ്നാട്ടിൽ നിന്ന് വാങ്ങിച്ചുതുടങ്ങി. ഇതിന്റെ ഫലമായി കേരളത്തിലേയ്ക്ക് തമിഴ്നാട്ടിൽനിന്ന് മെറ്റീരിയൽസ് bulk ആയി വന്നു. കേരളത്തിലെ ക്വാറികളിലെ ഉൽപാദനം ഗണ്യമായി കുറഞ്ഞതോടുകൂടി 2500/- രൂപയ്ക്ക്

ലഭിച്ചത് 6000/- രൂപ മുതൽ 9000/- രൂപ വരെയായി. അതിനുശേഷം തമിഴ്നാട് പെട്ടെന്ന് അത് സ്റ്റോപ്പ് ചെയ്തു. അപ്പോൾ വീണ്ടും വലിയ ക്ഷാമം കേരളത്തിലുണ്ടായി. അതിനെത്തുടർന്ന് രണ്ട് രീതിയിൽ പരിഹാരമുണ്ടാക്കാൻ നോക്കി. ഒന്ന്, തമിഴ്നാട് മുഖ്യമന്ത്രിയുമായി നേരിട്ട് സംസാരിച്ചു. ഈ മാസത്തോടുകൂടി കുറച്ചുകൂടി ലിബറൽ ആക്കി കുറെക്കൂടി മെറ്റീരിയൽസ് കേരളത്തിലേയ്ക്ക് നൽകാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താമെന്നാണ് അദ്ദേഹം നമുക്ക് നൽകിയിരിക്കുന്ന ഉറപ്പ്. ഇത് ഒരു ശാശ്വതമായ പരിഹാരമല്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പല ഓൾട്ടർനേറ്റീവ്സിനെ കുറിച്ചും മറ്റ് മെറ്റീരിയലിനെക്കുറിച്ചും ആലോചിക്കണം. രണ്ടാമത്, പരിസ്ഥിതിയെ ബാധിക്കാത്ത തരത്തിൽ, മറ്റ് പ്രശ്നങ്ങളൊന്നുമില്ലാത്ത തരത്തിൽ ക്വാറികൾ തുറക്കാവുന്ന സംവിധാനം കൂടി കേരളത്തിലുണ്ടാകണം. അതിനുവേണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർക്കുകയും ചെയ്തു. അരിക്ക് വില വർധിക്കുമ്പോൾ ബാക്കി എസൻഷ്യൽ കമ്മോഡിറ്റികൾക്ക് വില വർധിക്കുമെന്ന് പറഞ്ഞതുപോലെ കൺസ്ട്രക്ഷൻ മെറ്റീരിയലുകളിൽ ഏറ്റവും

പ്രധാനപ്പെട്ടത് മെറ്റൽ ആണ്. മെറ്റലിന് വില വർധിക്കുമ്പോൾ സ്വഭാവികമായും അതിന്റെ കൂടെയുള്ള എല്ലാ സാധനങ്ങൾക്കും കൃത്രിമമായും സ്വഭാവികമായും വില കൂടുന്ന സ്ഥിതിയാണ്. 5 ലക്ഷം രൂപയ്ക്ക് 400 സ്ക്വയർ ഫീറ്റ് വീട് 2 വർഷം മുമ്പ് നിർമ്മിച്ചിരുന്നെങ്കിൽ നിലവിൽ 8 ലക്ഷം രൂപ ആവശ്യമാണ്. ഏറ്റവും പാവപ്പെട്ടവർ താമസിക്കുന്ന 400 സ്ക്വയർ ഫീറ്റ് 2 മുറികളുള്ള ചെറിയ വീട് നിർമ്മിക്കാൻ നേരത്തെ കേരളത്തിൽ 5 ലക്ഷം രൂപ മതിയായിരുന്ന സ്ഥാനത്ത് ഇപ്പോൾ 8 ലക്ഷം രൂപയിലധികം വേണം. വളരെ ഗൗരവതരമായ പ്രശ്നമാണിത്. സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, സാമ്പത്തിക പ്രതിസന്ധി, അസംസ്കൃത വസ്തുക്കളുടെ വിലവർധന, തിരിച്ചടവിലെ ബുദ്ധിമുട്ടുകൾ തുടങ്ങിയ കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്ന നിരവധിസംരംഭകർ സംസ്ഥാനത്തുണ്ട്. ഇപ്പോഴും ബാങ്കുകളിൽനിന്നും സർഫാസി ആക്റ്റ് പ്രകാരം ജപ്തി നോട്ടീസ് വരികയാണ്. ഈ യൂണിറ്റുകൾ

തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുന്നതുവരെയെങ്കിലും റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കണമെന്ന് ബാങ്കുകൾക്ക് ഔദ്യോഗികമായി നിർദേശം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പൊതുവായി എല്ലാ ബാങ്കുകൾക്കും അങ്ങനെയൊരു നിർദേശം നൽകാൻ സാധിക്കുകയില്ല. കേസ് ് ടു കേസ് മെറിറ്റ് പരിശോധിച്ച് അതനുസരിച്ച് ചെയ്യാം.

ശ്രീമതി ഒ. എസ്. അംബിക: സർ, അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതിനെത്തുടർന്ന് തിരുവനന്തപുരം ജില്ലയിൽമാത്രം 150 യൂണിറ്റുകൾ അടച്ചുപൂട്ടിയതായി പറയുന്നു. സംസ്ഥാനമൊട്ടാകെ എത്ര യൂണിറ്റുകൾ അടച്ചുപൂട്ടിയെന്നതിനെക്കുറിച്ച് വ്യവസായ വകുപ്പ് ഔദ്യോഗികമായി പഠനമോ സർവെയോ നടത്തിയിട്ടുണ്ടോ; കണക്കുകൾ സഭയിൽ സമർപ്പിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കഴിഞ്ഞ രണ്ടുവർഷമായുള്ള പ്രശ്നമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, ക്വാറികൾ പ്രവർത്തിക്കുന്നതിന് ചില പ്രശ്നങ്ങൾ കുറച്ചുകാലങ്ങളായുണ്ടായിരുന്നു.

അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുകാരണമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ആലോചന നടത്തിയിരുന്നു. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. അതോടെ മെറ്റീരിയൽസിന്റെ ക്ഷാമം ഇല്ലാതാകുകയും ഹോളോബ്രിക്സ് കമ്പനികളടക്കമുള്ള ചെറുകിട യൂണിറ്റുകൾക്ക് തുറന്നുപ്രവർത്തിക്കാൻ സാധിക്കുകയും ചെയ്യുമെന്നുമാണ് കരുതുന്നത്. ജപ്തി നടപടികൾ സംബന്ധിച്ച കാര്യം കേസ് ടു കേസായി പരിശോധിക്കാം.

<u>മി. സ്പീക്കർ</u>: സപ്ലിമെന്ററി ചോദ്യങ്ങളുടെ ഡിമാൻഡുകൾ ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്നും ചെയറിന്റെ കമ്പ്യൂട്ടറിൽ എത്തിയിട്ടില്ല. കമ്പ്യൂട്ടറിന്റെ എന്തെങ്കിലും തകരാറാണോയെന്ന് പരിശോധിക്കാം.

## എക്സൈസ് വകുപ്പിലെ സ്ഥലംമാറ്റം

3(*33) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*13-10-2026*

*Question Hour*

(എ) അച്ചടക്ക നടപടി നേരിട്ട എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ നിർണ്ണായക തസ്തികകളിൽ നിയമിച്ചുകൊണ്ടുള്ള സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ റദ്ദാക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ അപേക്ഷകളും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും ലംഘിച്ച് വനിതാ ഉദ്യോഗസ്ഥരെയടക്കം അകാരണമായി സ്ഥലം മാറ്റുന്നതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പ് തലവന്റെ ഉത്തരവുകൾ ലംഘിച്ച് ക്രമവിരുദ്ധമായി സ്ഥലംമാറ്റം നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ലിജു</u>): സർ,

(എ) അച്ചടക്ക നടപടി നേരിട്ട എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ നിർണ്ണായക തസ്തികകളിൽ നിയമിച്ചുകൊണ്ടുള്ള സ്ഥലംമാറ്റ ഉത്തരവ്

റദ്ദാക്കിയിട്ടുണ്ടോ എന്നതായിരുന്നു ചോദ്യം. അങ്ങനെ ഉണ്ടായിട്ടില്ല. എന്നാൽ അച്ചടക്കനടപടിയുടെ ഭാഗമായി സേവനത്തിൽ വേല വിലക്കിയിരുന്ന എക്സൈസ് ഇൻസ്പെക്ടറായ ശ്രീ. സുനിൽ കുമാർ വി. ജി.-യെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലെ സൗത്ത് സോൺ ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിൽ നിയമിക്കുകയും, തുടർന്ന് എക്സൈസ് കമ്മീഷണറുടെ 26-09-2026-ലെ EXC/2760/2026-XD3 നമ്പർ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ടിയാനെ കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസിലേക്ക് ഭരണസൗകര്യാർത്ഥം സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) സ്ഥലം മാറ്റത്തിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ പൊതുസ്ഥലമാറ്റത്തിനെതിരെ ഉദ്യോഗസ്ഥർ വകുപ്പുതലവനായ എക്സൈസ് കമ്മീഷണറെ സമീപിക്കാതെ നേരിട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം, തിരുവനന്തപുരം ബെഞ്ചുകൾക്ക് മുമ്പാകെ ഒ.എ.-കൾ ഫയൽ ചെയ്തിട്ടുള്ളതാണ്.

*13-10-2026*

*Question Hour*

<u>പരാതികൾ സമർപ്പിച്ച എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ</u>

- എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. പ്രശാന്ത് ആർ. പൊതുസ്ഥലംമാറ്റം അനുവദിച്ചതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1088/2026 നമ്പർ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു. ട്രൈബ്യൂണലിന്റെ ഇടക്കാല വിധിന്യായം നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. പ്രശാന്ത് ആർ.-ന് ടിയാൻ സമർപ്പിച്ച ഓൺ ലൈൻ ഓപ്ഷന്റെ അടിസ്ഥാനത്തിലാണ് പൊതുസ്ഥലംമാറ്റം അനുവദിച്ചത്.)
- എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. റോയി വി. ജെ. പൊതുസ്ഥലംമാറ്റം അനുവദിച്ചതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1061/2026 നമ്പർ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു. ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. റോയി വി. ജെ.-യെ ഭരണസൗകര്യാർഥമാണ് സ്ഥലം മാറ്റിയത്.)

<u>പരാതികൾ സമർപ്പിച്ച എക്സൈസ് ഇൻസ്പെക്ടർമാർ</u>

- എക്സൈസ് ഇൻസ്പെക്ടർ ശ്രീ. വിപിൻകുമാർ വി. പൊതുസ്ഥലംമാറ്റം അനുവദിച്ചതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 1911/2026 നമ്പർ കേസ് ഫയൽ ചെയ്തത് എക്സൈസ് കമ്മീഷണർ പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടി എക്സൈസ് കമ്മീഷണർ സ്വീകരിച്ചുവരികയുമാണ്.

- എക്സൈസ് ഇൻസ്പെക്ടർ ശ്രീ. വിപിൻകുമാർ വി.-ക്ക് ടിയാൻ സമർപ്പിച്ച ഓൺ ലൈൻ ഓപ്ഷൻ പ്രകാരമാണ് സ്ഥലംമാറ്റം അനുവദിച്ചത്.

- എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ജിഞ്ചു ഡി. എസ്., പൊതു സ്ഥലംമാറ്റം അനുവദിച്ചതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 1910/2026 നമ്പർ കേസ് ഫയൽ ചെയ്തതിൽ സർക്കാർ പരിഗണിക്കുന്നതിന് 01-10-2026-ൽ അന്തിമ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടി സർക്കാരിൽ സ്വീകരിച്ചുവരികയുമാണ്.

- എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ജിഞ്ചു ഡി. എസ്. എക്സൈസ് കമ്മീഷണർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായല്ല ഓൺ ലൈൻ ഓപ്ഷനുകൾ സമർപ്പിച്ചിരുന്നത്.
- എക്സൈസ് ഇൻസ്പെക്ടർ ശ്രീ. മനോജ് കുമാർ ജി. എം. പൊതുസ്ഥലംമാറ്റം അനുവദിച്ചതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1477/2026 നമ്പർ കേസ് ഫയൽ ചെയ്തതിൽ സർക്കാർ പരിഗണിക്കുന്നതിന് 01-10-2026-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടി സ്വീകരിച്ചുവരികയുമാണ്.
- എക്സൈസ് ഇൻസ്പെക്ടർമാരായ ശ്രീ. ജിഞ്ചു ഡി. എസ്., ശ്രീ. മനോജ് കുമാർ ജി. എം. എന്നിവർക്ക് ഭരണസൗകര്യാർത്ഥമാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

- എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ജിഞ്ചു ഡി. എസ്., ശ്രീ.മനോജ് കുമാർ ജി. എം. എന്നിവർക്ക് ടിയാന്മാരുടെ സ്വന്തം ജില്ലയിലാണ് സ്ഥലംമാറ്റം അനുവദിച്ചത്.

- കൂടാതെ സ്ഥലംമാറ്റം ആവശ്യപ്പെട്ട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരായ സ/ശ്രീ. രമേശ് എ., ശ്രീധരൻ, സുമേഷ് ബി., സഹദുള്ള, സജികുമാർ സി. കെ., സലിംകുമാർ ദാസ്, റിയാസ് എം., പ്രശോഭ് കെ. എസ്., എന്നിവരും എക്സൈസ് ഇൻസ്പെക്ടർമാരായ സ/ശ്രീ. സുനിൽ കുമാർ വി. ജി., അരുൺ കുമാർ വി., ഷനൂജ് കെ. ടി., അബ്ദുൾ അഷറഫ്, ഫെമിൻ ജി., റ്റോജോ റ്റി. ഞള്ളിയിൽ, അശോക് കുമാർ പി., സുധീർ കെ. പി., സജി ആർ., മനോജ് കുമാർ സി. എൻ., കുഞ്ഞാലൻ കുട്ടി, ജോർജ്ജ് ജോസഫ്, സുരേഷ് പി. ഡി., നൗഷാദ്, കൃഷ്ണരാജ് പി. എസ്., സിജോ സി. കെ. എന്നിവർ എക്സൈസ് കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

*13-10-2026*

*Question Hour*

<u>എക്സൈസ് പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ, വനിത സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ</u>

എക്സൈസ് പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ, വനിത സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥരെ ജില്ലാ അധികാരികളാണ് സ്ഥലംമാറ്റം നടത്തുന്നത്.

- പാലക്കാട് ജില്ലയിൽ പൊതുസ്ഥലംമാറ്റം അനുവദിച്ച ശ്രീ. ചെന്താമര പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1350/2026 നമ്പർ കേസ് ഫയൽ ചെയ്തത്, നിലവിൽ ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.
- പാലക്കാട് ജില്ലയിൽ പൊതുസ്ഥലംമാറ്റം അനുവദിച്ച ശ്രീ. സുരേഷ് ബാബു പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1348/2026 നമ്പർ കേസ് ഫയൽ ചെയ്തത് നിലവിൽ ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.
- പാലക്കാട് ജില്ലയിൽ പൊതുസ്ഥലംമാറ്റം അനുവദിച്ച ശ്രീ. രാജഗോപാലൻ ആർ. പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1381/2026 നമ്പർ കേസ് ഫയൽ ചെയ്തത് നിലവിൽ ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

- പാലക്കാട് ജില്ലയിൽ പൊതുസ്ഥലംമാറ്റം അനുവദിച്ച ശ്രീ. സന്തോഷ് ആർ., ശ്രീമതി ലിസി വി. കെ. എന്നിവർ ജില്ലാ അധികാരിക്ക് സമർപ്പിച്ച പരാതി പരിശോധിച്ച് ടിയാളുകളുടെ പരാതി പരിഹരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ പൊതുസ്ഥലംമാറ്റം അനുവദിച്ച ശ്രീ. വിശാഖ് എം., ശ്രീ. രജിത് കെ. ആർ. എന്നിവർ പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 767/2026 കേസ് ഫയൽ ചെയ്തത് നിലവിൽ ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.
- തിരുവനന്തപുരം ജില്ലയിൽ പൊതു സ്ഥലംമാറ്റം അനുവദിച്ച ശ്രീ. ഷിബു എം. പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണലിൽ OA 761/2026 കേസ് ഫയൽ ചെയ്തത് നിലവിൽ ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

- മലപ്പുറം ജില്ലയിൽ പൊതുസ്ഥലംമാറ്റം നടത്തിയതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് അടിസ്ഥാനരഹിതമായതിനാൽ പരാതികൾ പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്.

(സി) എക്സൈസ് വകുപ്പിൽ വകുപ്പ് തലവന്റെ ഉത്തരവുകൾ ലംഘിച്ച് ക്രമവിരുദ്ധമായി സ്ഥലംമാറ്റം നടത്തിയിട്ടില്ലാത്തതാണ്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, യു.ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ നിർഭയം ബാറുകളിൽനിന്നുൾപ്പെടെ കൈക്കൂലിയും പാരിതോഷികവും കൈപ്പറ്റുന്ന കോംപ്ലിമെന്റ് സിസ്റ്റവും എല്ലാ പൊതുമാനദണ്ഡങ്ങളും പാലിച്ച് നടത്തുന്ന സ്ഥലംമാറ്റങ്ങൾക്ക് ഇടനിലക്കാരായിനിന്ന് വൻതുകകൾ കൈപ്പറ്റുന്നതായും മലയാള മനോരമ, മാതൃഭൂമി, റിപ്പോർട്ടർ, 24 ന്യൂസ്, ദേശാഭിമാനി, ജനയുഗം തുടങ്ങിയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇക്കാര്യം അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും സ്ഥലംമാറ്റമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇത്തരം അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരായി എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുള്ളതും വ്യക്തമാക്കാമോ?

<u>ശ്രീ. എം. ലിജു</u>: സർ, സ്ഥലംമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് എക്സൈസ് വകുപ്പിൽ ഒരു തരത്തിലുമുള്ള സാമ്പത്തിക ഇടപാടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതേസമയം അഴിമതിക്കെതിരെ എക്സൈസ് വകുപ്പിൽ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. വകുപ്പുമന്ത്രിക്ക് ലഭിക്കുന്ന വിവരങ്ങളിന്മേൽ നാളിതുവരെ ഉണ്ടായിട്ടില്ലാത്തവണ്ണം അതിശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ദിവസം കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മേഖലയിൽ ചില ബാറുകൾ നിയമപരമായ സമയപരിധി കഴിഞ്ഞും പ്രവർത്തിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിശക്തമായ നടപടിയാണ് എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായത്. എക്സൈസ് വകുപ്പിന്റെ ജില്ലയിലെതന്നെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനെതിരെയാണ് നടപടി സ്വീകരിച്ചത്. മിന്നൽ പരിശോധനയുൾപ്പെടെ അദ്ദേഹത്തിനെതിരെ കൃത്യമായ ഇൻവെസ്റ്റിഗേഷൻ

നടത്തി. ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ. അശോക് കുമാർ, ആ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരായ ശ്രീ. എം. മാനുവൽ, ശ്രീ. ലാലു തങ്കച്ചൻ, ശ്രീ. പ്രവീൺ ശിവാനന്ദ്, ശ്രീ. സന്തോഷ് ടി., ശ്രീ. ഷിജു. കെ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ. വിശാഖ് എന്നിവരെ സസ്പെൻഡ് ചെയ്തു. അതുകൂടാതെ, കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇവർക്കെതിരെ അനധികൃത സ്വത്ത് സമ്പാദനമുൾപ്പെടെയുള്ള വിഷയങ്ങളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം ആവശ്യപ്പെട്ട് എക്സൈസ് കമ്മീഷണർ നൽകിയ റിപ്പോർട്ട് അന്വേഷണത്തിനായി വിജിലൻസ് വകുപ്പിനും കൈമാറിയിട്ടുണ്ട്. നാളിതുവരെ നടന്നിട്ടില്ലാത്തവണ്ണം അഴിമതിക്കെതിരെ അതിശക്തമായ പ്രവർത്തനമാണ് എക്സൈസ് വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ എക്സൈസ് റേഞ്ച് ഓഫീസും സി. ഐ. ഓഫീസും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. റേഞ്ച് ഓഫീസിന്റെ

അവസ്ഥ വളരെ പരിതാപകരമായിരുന്നു. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് ഓഫീസുകളും ഒരുമിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് 4.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും അതുപ്രകാരം 2.75 കോടി രൂപ അനുവദിച്ച് ആദ്യഘട്ട നിർമ്മാണം പൂർത്തീകരിക്കുകയും റേഞ്ച് ഓഫീസ് പുതിയ സ്ഥലത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. രണ്ടാം ഘട്ടം പൂർത്തിയായാൽ മാത്രമേ സി. ഐ. ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം അങ്ങേക്ക് നേരിട്ടറിയാവുന്നതാണ്. ബാക്കി തുക കൂടി അനുവദിച്ച് ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സഹായിക്കുമോ?

ശ്രീ. എം. ലിജു: സർ, തീർച്ചയായും, രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മയക്കുമരുന്ന് വലിയൊരു സാമൂഹിക വിപത്താണ്. ഇതിനെതിരെ അതിശക്തമായ പ്രവർത്തനമാണ് കേരളത്തിൽ നടക്കുന്നത്. കഴിഞ്ഞ സർക്കാരായാലും ഈ സർക്കാരായാലും

മയക്കുമരുന്നിനെതിരെ അതിശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് സാങ്കേതികമായ കാര്യങ്ങൾ ചെയ്യേണ്ടത് എക്സൈസ് വകുപ്പാണ്. ആഭ്യന്തര വകുപ്പ് മുൻകൈയെടുത്ത് നടത്തുന്ന 'ഓപ്പറേഷൻ ഡി-ഹണ്ട്'' ആഭ്യന്തര വകുപ്പിന് മാത്രമായി ചെയ്യാൻ സാധിക്കുന്ന കാര്യമല്ല. ഇതിനാവശ്യമായ സാങ്കേതിക സഹകരണം എക്സൈസ് വകുപ്പ് നൽകുന്നുണ്ടോ; രണ്ടുവകുപ്പുകളും സഹകരിച്ചുകൊണ്ടുള്ള ഒരു എഫർട്ടാണോ ഈ വിഷയത്തിൽ നടക്കുന്നത്; അതിനാവശ്യമായ സ്റ്റാഫുകളെ എക്സൈസ് വകുപ്പിൽനിന്നും ഡിപ്ലോയ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. ലിജു</u>: സർ, സംസ്ഥാന പോലീസ് വകുപ്പാണ് സംസ്ഥാന സർക്കാരിന്റെ പ്രോഗ്രാമായി 'ഓപ്പറേഷൻ ഡി-ഹണ്ട്' എന്ന പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന എക്സൈസ് വകുപ്പ് ലഹരി വ്യാപനത്തിനെതിരെ 'മയങ്ങില്ല കേരളം' എന്ന ഒരു സമഗ്ര പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. നാല് പ്രധാനപ്പെട്ട പില്ലറുകളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ 'മയങ്ങില്ല കേരളം' ക്യാമ്പയിൻ. അതിൽ ഒന്നാമത്തേത് 'ഓപ്പറേഷൻ തണ്ടർ' എന്ന എൻഫോഴ്സ്മെന്റ്

സൈഡാണ്. ഈ ഗവൺമെന്റ് അധികാരത്തിലെത്തിയതിനുശേഷം ഏകദേശം 50000-ലധികം കേസുകൾ ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ NDPS (Narcotic Drugs and Psychotropic Substances) കേസുകൾ 4000-ന് മുകളിൽവരും. സ്കൂളുകളുടെ സമീപം പുകയില ഉൽപന്നങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ തണ്ടറിന്റെ ആഭിമുഖ്യത്തിൽ 30000-ൽപ്പരം കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ബാക്കിയുള്ളവ അബ്കാരി കേസ്സുകളാണ്. 'മയങ്ങില്ല കേരളം' എന്ന ക്യാമ്പയിന്റെ രണ്ടാമത്തെ പില്ലർ നേരത്തെ നടന്നുകൊണ്ടിരുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായ awareness programme-കളാണ്. സംസ്ഥാനത്ത് ഇതുവരെ 27 കാമ്പസുകളെ ഡ്രഗ് ഫ്രീ കാമ്പസുകളായി എക്സൈസ് വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. കാമ്പസുകളിൽ നടന്ന ഈ പ്രഖ്യാപന ചടങ്ങിൽ കായിക-രാഷ്ട്രീയ വ്യക്തിത്വങ്ങൾ, കലാരംഗത്തെ പ്രതിഭകൾ എന്നിങ്ങനെ സംസ്ഥാനത്തെ ഏറ്റവും പ്രമുഖ വ്യക്തിത്വങ്ങളാണ് പങ്കെടുത്തത്. ഏറ്റവും പ്രധാനപ്പെട്ട മൂന്നാമത്തെ പില്ലർ വിമുക്തി ഡി-അഡിക്ഷൻ സെന്ററുകളാണ്. സംസ്ഥാനത്ത് ജില്ലാതലത്തിൽ 14 ഡി-

അഡിക്ഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരികയാണ്. പക്ഷെ, ഇതിന്റെ പ്രധാനപ്പെട്ട പോരായ്മ എന്നുപറയുന്നത് ഒരേയൊരു സെന്ററിൽ മാത്രമായിരുന്നു സൈക്യാട്രിസ്റ്റിന്റെ സേവനം ലഭിച്ചിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിലെത്തിയതിനുശേഷം കേരളത്തിലെ 14 ഡി-അഡിക്ഷൻ സെന്ററുകളിലും സൈക്യാട്രിസ്റ്റുകളെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടുകൂടി കേരളത്തിലെ 14 ഡി-അഡിക്ഷൻ സെന്ററുകളുടെയും പ്രവർത്തനം ഏറ്റവും മികച്ചതായി മാറും. കേരളത്തിലെ 78 താലൂക്കുകളിലേക്കുകൂടി ഡി-അഡിക്ഷൻ സെന്ററുകൾ വ്യാപിപ്പിക്കുകയെന്ന ലക്ഷ്യവുമായാണ് എക്സൈസ് വകുപ്പ് മുന്നോട്ടുപോകുന്നത്. 'മയങ്ങില്ല കേരളം' എന്ന ക്യാമ്പയിനിലെ നാലാമത്തെ സ്തൂപം എന്നത് റിഹാബിലിറ്റേഷനാണ്. നാളിതുവരെ എക്സൈസ് വകുപ്പുതലത്തിൽ റിഹാബിലിറ്റേഷൻ സെന്ററുകൾ ഉണ്ടായിരുന്നില്ല. എന്നാൽ സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മാത്രമല്ല, സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹിക സംഘടനകളുമായി ബന്ധപ്പെട്ട് റിഹാബിലിറ്റേഷൻ സെന്ററുകൾ

സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്. കേരളത്തിലെ പ്രമുഖ സാമൂഹിക സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിക്കഴിഞ്ഞു. അങ്ങനെ വളരെ കൃത്യമായ എൻഫോഴ്സ്മെന്റും അവയർനെസ്സും ഡി-അഡിക്ഷനും റിഹാബിലിറ്റേഷനും ഉൾപ്പെടുന്ന ശക്തമായ പ്രവർത്തന പദ്ധതികളാണ് എക്സൈസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇലക്ഷൻ കമ്മീഷന്റെ നിർദേശപ്രകാരം സ്ഥലം മാറ്റപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരെ നാലുമാസം കഴിഞ്ഞിട്ടും പുനഃപ്രവേശിപ്പിച്ചിട്ടില്ല; അവരെ തിരികെ ട്രാൻസ്ഫർ ചെയ്യുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; വിശദമാക്കുമോ?

<u>ശ്രീ. എം. ലിജു</u>: സർ, നിലവിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ട്രാൻസ്ഫർ ഉത്തരവുകൾ പുറത്തിറങ്ങിക്കഴിഞ്ഞു. എന്നാൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉത്തരവ്

പുറത്തിറങ്ങിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നിർവഹിച്ചുവരുന്നതിനാൽ ആ പ്രോഗ്രാം നടന്നുകൊണ്ടിരിക്കുമ്പോൾ അവരുടെ സ്ഥലംമാറ്റ ഉത്തരവ് പുറത്തിറങ്ങുന്നത് പ്രവർത്തനങ്ങളെ ബാധിക്കും എന്ന കാരണത്താലാണ് ടി ഉത്തരവുകൾ പുറത്തിറക്കാത്തത്. ഉടൻതന്നെ അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, റേഞ്ച് ഓഫീസുകൾക്കും സർക്കിൾ ഓഫീസുകൾക്കും അതീതമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിയിരുന്ന സ്ക്വാഡ് ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിച്ചതുകാരണം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സ്ഥിതിയാണെന്ന് അറിയുന്നു. ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; തമിഴ്നാടുമായി ഏകദേശം മുപ്പത് കിലോമീറ്റർ അതിർത്തി പങ്കിടുന്ന ഒരു നിയോജകമണ്ഡലമാണ് പാറശ്ശാല. അമരവിളയിലെ ഒരു എക്സൈസ് റേഞ്ച് ഓഫീസ് കൊണ്ടുമാത്രമാണ് താലൂക്കിലെ പ്രവർത്തനങ്ങൾ നടത്തുന്നത്. ടൂറിസം

കേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുന്ന അന്തൂരിയിൽ ഒരു റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടോക്കൺ പ്രൊവിഷൻ വച്ചിരുന്നു. അത് നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനാകുമോ?

ശ്രീ. എം. ലിജു: സർ, എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം നിർത്തി എന്നത് തെറ്റായ വിവരമാണ്. എക്സൈസ് കമ്മീഷണറുടെതന്നെ നേതൃത്വത്തിൽ സംസ്ഥാനത്താകമാനം സ്ക്വാഡുകൾ പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്താകെ എക്സൈസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി നടക്കുന്നുവെന്നാണ് വിലയിരുത്താൻ സാധിക്കുന്നത്. അന്തൂരിയിൽ റേഞ്ച് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കള്ളുഷാപ്പുകളെ സംബന്ധിച്ച് കഴിഞ്ഞ സഭാ സമ്മേളനത്തിൽ ചോദ്യങ്ങൾ ഉയർന്നിരുന്നു. അവിടെ വിൽക്കുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ചും വ്യാജമാണോ എന്നതുസംബന്ധിച്ചും സംശയങ്ങൾ വന്നിരുന്നു. 'ഓപ്പറേഷൻ ശുദ്ധി' എന്ന പേരിൽ കള്ളുഷാപ്പുകളിലെ ഭക്ഷണം, കള്ള് എന്നിവയുടെ പരിശോധന

സംസ്ഥാന വ്യാപകമായി എക്സൈസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ബാറുകളുടെ സമയക്രമവുമായി ബന്ധപ്പെട്ട ആരോപണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരിശോധനകൾ നടത്തുകയും സമയക്രമം പാലിക്കാത്ത ബാറുകൾ അടച്ചിടുന്നതിനും അവർക്കെതിരെ അബ്കാരി നിയമപ്രകാരം ഫൈൻ ചുമത്തുന്നതിനും നടപടി സ്വീകരിച്ചു. ഇങ്ങനെ ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, സംസ്ഥാനത്ത് അഴിമതി, വ്യാജ മദ്യം, മയക്കുമരുന്ന് മുതലായവ പരമാവധി ഇല്ലാതാക്കാൻവേണ്ടി സർക്കാരും എക്സൈസ് വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്.

കൊച്ചിയിൽ കഴിഞ്ഞ ദിവസം ഒരു 19-കാരൻ ഓടിച്ച കാർ ഇടിച്ച് മൂന്ന് വിദ്യാർഥികൾ മരണപ്പെട്ട സംഭവമുണ്ടായി. കാർ ഓടിച്ചയാൾ മൂന്ന് ബാറുകളിൽ കയറി കൂട്ടുകാരോടൊപ്പം മദ്യപിച്ചശേഷം അമിതവേഗത്തിൽ ഡ്രൈവ് ചെയ്തതാണ് അപകടകാരണമായത്. അബ്കാരി നിയമത്തിൽ,

ബാറുകളിലെത്തി മദ്യപിക്കുന്നതിന് 23 വയസ്സ് എന്ന പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. പലപ്പോഴും ഇത് പാലിക്കപ്പെടുന്നില്ല എന്നാണ് ഈ സംഭവം വ്യക്തമാക്കുന്നത്. പ്രായപരിധി പരിശോധന കർശനമായി നടപ്പിലാക്കുന്നതിനുള്ള എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; പ്രായപരിധി നോക്കാതെ മദ്യം നൽകിയ ബാറുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ലിജു: സർ, കഴിഞ്ഞ ദിവസം എറണാകുളത്തുണ്ടായ സംഭവം അതിദാരുണമാണ്. മൂന്ന് കുടുംബങ്ങളുടെ പ്രതീക്ഷയായിരുന്ന ചെറുപ്പക്കാരെയാണ് മദ്യപിച്ച് മദോന്മത്തനായി വാഹനമോടിച്ച മറ്റൊരു ചെറുപ്പക്കാരനും സംഘവും ഇല്ലാതാക്കിയത്. ഇതിനെതിരെ എക്സൈസ് വകുപ്പ് ഉടൻതന്നെ നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ അബ്കാരി നിയമപ്രകാരം സെക്ഷൻ 56 B, 15(b) എന്നിവ പ്രകാരം 23 വയസ്സിനുതാഴെയുള്ള ചെറുപ്പക്കാരന് മദ്യം നൽകിയതിന് മൂന്ന് ബാറുകൾക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തു. സംസ്ഥാന എക്സൈസ്

വകുപ്പുമന്ത്രി എന്ന നിലയിൽ ഈ വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഇതുമായി ബന്ധപ്പെട്ട നിർദേശം എക്സൈസ് വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥർക്ക് നൽകുകയും അവർ അതിദ്രുതം ഈ വിഷയത്തിൽ പ്രവർത്തിക്കുകയും ചെയ്തു. ഒരുകാരണവശാലും ഇത്തരം വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വിട്ടുവീഴ്ച ഉണ്ടാകില്ല. സംസ്ഥാനത്തുണ്ടായിരിക്കുന്ന റോഡപകടങ്ങളുടെ കണക്ക് പരിശോധിച്ചാൽ മദ്യപിച്ചും ലഹരി ഉപയോഗിച്ചും വാഹനമോടിച്ച ആളുകളാണ് ഇത്തരം അപകടങ്ങൾക്ക് കാരണമായിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. നിരപരാധികളായ നിരവധി മനുഷ്യരുടെ ജീവനാണ് ഇത്തരത്തിൽ അലക്ഷ്യമായ ഡ്രൈവിങ്ങിലൂടെ നഷ്ടപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ ബാറുകളിൽ 23 വയസ്സിനുതാഴെയുള്ള വ്യക്തികൾക്ക് മദ്യം നൽകുന്നതിനെതിരെ കൂടുതൽ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കും. നിലവിൽ ഇതുസംബന്ധിച്ച വ്യക്തമായ ഗൈഡ്‌ലൈൻസ് നിയമത്തിലുണ്ടെങ്കിലും കൂടുതൽ ശക്തമായ ഗൈഡ്‌ലൈൻസ് മുന്നോട്ടുവയ്ക്കുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

*13-10-2026*

*Question Hour*

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോലഴി എക്സൈസ് റേഞ്ച് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി അനുവദിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നാല് കോടി രൂപയുടെ ഡിസൈൻ തയ്യാറാക്കിയിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് അതിനായി തുക അനുവദിക്കുമോ?

<u>ശ്രീ. എം. ലിജു</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിക്കാം.

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: സർ, മയക്കുമരുന്നിന്റെയും മദ്യത്തിന്റെയുമെല്ലാം ഉപയോഗം വർഷംതോറും വർധിച്ചുവരികയാണ്. അത് നിയന്ത്രിക്കാൻ സ്വീകരിക്കുന്ന നടപടികൾ വളരെ പ്രധാനപ്പെട്ടതാണ്. മദ്യവും ലഹരിവസ്തുക്കളും പോലുള്ളവ ഉപയോഗിക്കുന്ന ആളുകളെ കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പ് ആധുനിക കാലഘട്ടത്തിനനുസൃതമായ ഏതു തരത്തിലുള്ള അന്വേഷണങ്ങളാണ് നടത്തുന്നത്; പഴയ കാലഘട്ടത്തിലേതുപോലുള്ള അന്വേഷണങ്ങളാണ് ഇപ്പോഴും നടക്കുന്നത്.

MDMA, Synthetic drug-കൾ പോലുള്ളവ ഉപയോഗിക്കുന്നവരെ കണ്ടെത്താൽ പ്രയാസമാണ്. അത് കണ്ടെത്താനുള്ള പുതിയ ടെക്നോളജിയോ മാർഗങ്ങളോ എക്സൈസ് വകുപ്പിനുണ്ടോ; ഞാൻ പ്രതിനിധാനം ചെയ്യുന്ന കൊച്ചി നിയോജകമണ്ഡലത്തിൽ എക്സൈസ് വകുപ്പിന് ആവശ്യത്തിന് വാഹനങ്ങൾ പോലുമില്ല. എക്സൈസ് വകുപ്പിന് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തണം. മയക്കുമരുന്ന് കൊണ്ടുവരുന്ന ആളുകളെ പിടികൂടുന്നത് സർവസാധാരണമാണ്. എന്നാൽ ഇത് എവിടെനിന്ന് വരുന്നു, ആരാണ് ഇതിന് പണം മുടക്കുന്നത് എന്നുള്ള കാര്യങ്ങൾ അറിയാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എം. ലിജു</u>: സർ, എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനുള്ള ശ്രമങ്ങൾ തുടരുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു കാര്യം വളരെ പ്രസക്തവും യാഥാർഥ്യവുമാണ്. സംസ്ഥാനത്ത് ഏറ്റവുമധികം റവന്യൂ സംഭാവന ചെയ്യുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന എക്സൈസ് വകുപ്പ് നിലവിൽ കേവലം

5200 അംഗങ്ങൾ മാത്രമുള്ള ഒരു ചെറിയ ഫോഴ്സാണ്. ഇവർക്ക് ആവശ്യത്തിന് വാഹനങ്ങളില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 41 പുതിയ വാഹനങ്ങൾ എക്സൈസ് വകുപ്പിന് കൈമാറിയിട്ടുള്ളത്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് അത് വളരെയധികം ഗുണം ചെയ്യുന്നതാണ്. നേരത്തെ സൂചിപ്പിച്ച ഡ്രഗ് ഡിറ്റക്ഷൻ വളരെ പ്രധാനപ്പെട്ട ഒരു പരിശോധനയാണ്. മയക്കുമരുന്ന് കണ്ടുപിടിച്ചാൽ അത് ഏത് ഇനമാണെന്ന് കണ്ടെത്താനുള്ള സംവിധാനം എക്സൈസ് വകുപ്പിന് നേരത്തെ ഉണ്ടായിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ബജറ്റ് അലോക്കേഷൻ വഴി ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ സംസ്ഥാനത്തെ എക്സൈസ് വകുപ്പിന് കൈമാറിയത്. എക്സൈസ് വകുപ്പിന്റെ 138 റേഞ്ച് ഓഫീസുകളിലും ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കിയതോടെ പിടികൂടുന്ന ലഹരി വസ്തുക്കൾ ഏത് സബ്സ്റ്റൻസ് ആണെന്ന് ഐഡന്റിഫൈ ചെയ്യാൻ കഴിയുന്നുണ്ട്. എന്നാൽ ഇപ്പോഴും അപര്യാപ്തതകൾ ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. കേവലം 23 കോടി രൂപ മാത്രമാണ് സംസ്ഥാന എക്സൈസ് വകുപ്പിന് പ്ലാൻ

ഫണ്ടിലൂടെ ലഭിക്കുന്നത്. കുറച്ചുകൂടി മികച്ച പരിഗണന എക്സൈസ് വകുപ്പിന് ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു.

<u>ശ്രീ. പഴകുളം മധു</u>: സർ, ആയിരക്കണക്കിന് കുടുംബങ്ങളെ അനാഥരാക്കുന്ന ലഹരിയുടെ ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് നടത്തിവരുന്ന ശക്തമായ ഇടപെടലുകളും ഓപ്പറേഷൻ തൂഫാൻ-ഉം, ജനങ്ങളിൽ വലിയ പ്രതീക്ഷയുണർത്തിയിരിക്കുകയാണ്.

കൗമാരപ്രായക്കാരായ കുട്ടികൾ ധാരാളമായി ലഹരിക്ക് അടിമപ്പെടുന്നു. ഇതിനെതിരെ സ്കൂൾ തലങ്ങളിൽ ബോധവൽക്കരണവും ലഹരിക്കടിമപ്പെടുന്ന കുട്ടികൾക്കാവശ്യമായ തുടർചികിത്സയും ഉറപ്പാക്കുന്നതിന് എക്സൈസ് വകുപ്പ് ഒരു പ്രോജക്ട് നടപ്പിലാക്കുമോ; എക്സൈസ് വകുപ്പിന്റെ വരുമാനത്തിന്റെ നിശ്ചിത ശതമാനം ഇത്തരം കുട്ടികളുടെ റീഹാബിലിറ്റേഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് നീക്കിവയ്ക്കാൻ വകുപ്പ് തയ്യാറാകുമോ?

*13-10-2026*

*Question Hour*

<u>ശ്രീ. എം. ലിജു</u>: സർ, 'മയങ്ങില്ല കേരളം' ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ കൗമാരക്കാർ ലഹരി ഉപയോഗിക്കുന്നത് തടയുന്നതിനും അവരുടെ ഡി-അഡിക്ഷനും പുനരധിവാസത്തിനുമായുള്ള പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരികയാണ്. സംസ്ഥാനത്തെ സ്കൂളുകളിൽ അയ്യായിരത്തിൽപ്പരം ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇവയെ 'തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ' എന്നാണ് എക്സൈസ് വകുപ്പ് നാമകരണം ചെയ്തിരിക്കുന്നത്. ഉന്നത-വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് മുപ്പതോളം കാമ്പസുകൾ ഡ്രഗ് ഫ്രീ കാമ്പസുകളായി പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 'ജനജാഗ്രതാ സമിതികൾ' രൂപീകരിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദേശം ഇത്തവണത്തെ സംസ്ഥാന എക്സൈസ് നയത്തിന്റെ ഒരു പ്രധാന ഘടകമാക്കുന്നതിന് ആലോചിക്കുന്നുണ്ട്. മദ്യ വരുമാനത്തിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന തുകയുടെ വലിയൊരു ശതമാനം ലഹരിമുക്ത

പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിനും മാറ്റിവയ്ക്കുക എന്നത് സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു സർക്കാരിന്റെ ഉത്തരവാദിത്തമായി എക്സൈസ് വകുപ്പ് കരുതുന്നു.

ശ്രീ. ടി. പി. അഷ്റഫലി: സർ, എക്സൈസ് വകുപ്പിന്റെ മികച്ച പ്രവർത്തനംമൂലം നമ്മുടെ നാട്ടിൽ ലഹരിക്കെതിരെയുള്ള മുന്നേറ്റങ്ങൾ നന്നായി നടന്നുകൊണ്ടിരിക്കുകയാണ്. വേണ്ടത്ര എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്തതിനാൽ പല സ്ഥലത്തും ഉദ്യോഗസ്ഥർക്ക് യഥാസമയം എത്തിപ്പെടാൻ പറ്റാത്ത പ്രശ്നങ്ങളുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ എയർപോർട്ട് ഉൾപ്പെടെയുള്ള വലിയ സംവിധാനങ്ങളുണ്ടെങ്കിലും എക്സൈസിന് റേഞ്ച് ഓഫീസ് ഇതുവരെ ആയിട്ടില്ല. താലൂക്ക് ഓഫീസും ഡി.വൈ.എസ്.പി.-യുടെ ആസ്ഥാനവും ഈ അടുത്ത് അവിടെ യാഥാർത്ഥ്യമായി. ഒരു എക്സൈസ് റേഞ്ച് ഓഫീസ് കൂടിയുണ്ടെങ്കിൽ മാത്രമാണ് അവിടെ കുറച്ചുകൂടി കാര്യക്ഷമമായി ഇടപെടാൻ സാധിക്കുന്നത്. പ്രസ്തുത ഓഫീസ് അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ലിജു: സർ, അംഗം ഉന്നയിച്ച ആവശ്യം പരിശോധിക്കാം. വാഹന ദൗർബല്യവും മോഡേണൈസേഷനിലെ പരിമിതികളും എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്. മോഡേണൈസേഷന് ആവശ്യമായ നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ, സൈബർ ഇന്റർവെൻഷനുള്ള അധികാരവും നിലവിൽ എക്സൈസ് വകുപ്പിനില്ല. അത് കേന്ദ്ര ആഭ്യന്തര വകുപ്പ് നൽകേണ്ടതാണ്. പലപ്പോഴും ലഹരിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിച്ചാലും ലൊക്കേഷൻ കണ്ടെത്തുന്നതിന് ആഭ്യന്തര വകുപ്പിന്റെ സഹായം ലഭിച്ചെങ്കിൽ മാത്രമേ എക്സൈസ് വകുപ്പിന് കൃത്യമായി ഇടപെടാൻ സാധിക്കുന്നുള്ളൂ. വളരെക്കാലങ്ങളായി എൻഫോഴ്സ്മെന്റ് രംഗത്ത് ശക്തമായി പ്രവർത്തിക്കുന്ന എക്സൈസ് വകുപ്പിന് സൈബർ ഇന്റർവെൻഷനുള്ള അധികാരം കൂടി ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ സമഗ്ര വികസനം

4(*34) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. മനോജ് മൂത്തേടൻ:
ശ്രീ. ജ്യോതികുമാർ ചാമക്കാല:

*13-10-2026*

*Question Hour*

<u>ശ്രീ. സുമേഷ് അച്ചുതൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച പരിഷ്കരണ നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) അടുത്ത പത്ത് വർഷത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുൻകൂട്ടിക്കണ്ട് സമഗ്രമായ വികസന പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വൈദ്യുതി വിതരണ ശൃംഖലയിലെ പഴക്കമേറിയ ട്രാൻസ്ഫോർമറുകളും ലൈനുകളും നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സണ്ണി ജോസഫ്</u>): സർ, (എ) കേന്ദ്ര സർക്കാരിന്റെ അധിക വായ്പ പദ്ധതിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടമായ 1023.61 കോടി രൂപയുടെ 75 ശതമാനമായ 767.71

കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ നഷ്ടമായ 549.21 കോടി രൂപയുടെ 90 ശതമാനമായ 494.289 കോടി രൂപയും കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക നിവാരണം ചെയ്യേണ്ടതുള്ളതിനാൽ 28-02-2026 വരെയുള്ള കുടിശ്ശിക സർക്കാർ ഏറ്റെടുക്കുകയും ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 01-03-2026 മുതൽ ഗവൺമെന്റ് കൺസ്യൂമേഴ്സിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനും വൈദ്യുതി ഉപയോഗിച്ചതിന്റെ തുക ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കാനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സർക്കാർ നൽകാനുള്ള സബ്സിഡി തുകയും അതത് വർഷങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശികയായ 2068 കോടി രൂപ സർക്കാർ ഏറ്റെടുക്കുകയും, പത്ത് തുല്യ ഗഡുക്കളായി അനുവദിക്കുമെന്ന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആദ്യ

രണ്ട് ഗഡുക്കൾ (206.8 കോടി രൂപ വീതം) 2024-25, 2025-26 വർഷത്തിൽ അനുവദിക്കുകയും, കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിലേക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക നല്ല രീതിയിൽ കുറയുന്നതിനും തൽഫലമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സൂചികകൾ മെച്ചപ്പെടുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യുടെ മൊത്തം ചെലവിന്റെ 60 ശതമാനത്തോളം വൈദ്യുതി വാങ്ങലുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും വിപണിയിലെ വൈദ്യുതി ലഭ്യതയും മുൻകൂട്ടി വിലയിരുത്തി, വൈദ്യുതി വാങ്ങൽ ചെലവ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. വൈദ്യുതി ബോർഡിന് ലഭിക്കേണ്ടതായുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജിതമായ നടപടികളും ഭരണച്ചെലവ് പരമാവധി കണ്ട് കുറയ്ക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ KSERC (Terms and Conditions for Determination of Tariff) Regulations, 2021 പ്രകാരം ഓരോ അഞ്ച് വർഷത്തെയും Multi Year Tariff Control Period-നും Capital Investment Plan (CIP) തയ്യാറാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കേണ്ടതാണ്. ഇതനുസരിച്ച് വിതരണമേഖലയിൽ അഞ്ച് വർഷത്തേക്കുള്ള പദ്ധതികളാണ് തയ്യാറാക്കിവരുന്നത്. നിലവിലെ ദ്യുതി 2 പദ്ധതിയുടെ Control Period 2022-23 മുതൽ 2026-27 വരെയുള്ളതായതിനാൽ, അടുത്ത Control Period ആയ 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan - Dyuthi 3.0 തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉൽപാദനം നാമമാത്രമായ തോതിൽ മാത്രമാണ് വർധിച്ചിട്ടുള്ളത്. ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് വിവിധ വൻകിട-ചെറുകിട ജല വൈദ്യുത പദ്ധതികളും, കേരളത്തിന്റെ സാഹചര്യത്തിന്

അനുകൂലമായ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ, കാറ്റോർജ പദ്ധതികൾ എന്നിവയും ആവിഷ്കരിക്കുന്നുണ്ട്. കേരളത്തിലെ പീക്ക് സമയങ്ങളിലെ ഉയർന്ന ഉപഭോഗം ക്രമീകരിക്കുന്നതിനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) ലൈനുകളുടെയും ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ (Under Ground Cable) തുടങ്ങിയ കവചിത ചാലകങ്ങൾ എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ദ്യുതി പദ്ധതികളുടെ ഭാഗമാക്കിയിരുന്നു.

ദ്യുതി 1.0-നുശേഷം നിലവിൽ നടപ്പിലാക്കിവരുന്ന ദ്യുതി 2 പദ്ധതിയുടെ ഭാഗമായി 1943 conductor.കി.മീ. HT ലൈനുകളും 20118 conductor.കി.മീ. LT ലൈനുകളും റീ-കണ്ടക്ടറിങ് നടത്തുകയും 3630 പഴയ

ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 14288 കി. മീ. ലൈനുകൾ റീ-കണ്ടക്ടറിങ് നടത്താൻ ലക്ഷ്യമിടുകയും 3792 കി. മീ. ലൈനുകളുടെ റീ-കണ്ടക്ടറിങ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതി 2/RDSS പദ്ധതിയിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കുടിവെള്ളംപോലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വൈദ്യുതി. രാജ്യത്താകമാനം പന്തീരായിരം മെഗാവാട്ട് വൈദ്യുതിയുടെ ഷോർട്ടേജ് നിലവിലുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതുപോലെ കൽക്കരി ക്ഷാമവും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഈ മാസം വൈദ്യുതി പ്രതിസന്ധി മറികടക്കാൻ കേരളത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ദേശീയതലത്തിൽത്തന്നെ വൈദ്യുതി ക്ഷാമം ഉണ്ടായെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലും മഴ കുറഞ്ഞതിനാൽ ഉൽപാദനം കുറഞ്ഞു. മഴ കുറഞ്ഞപ്പോൾ ചൂട് കൂടുകയും ഉപയോഗം കൂടുകയും ചെയ്തു. അതിനെ നേരിടുന്നതിനുവേണ്ടി എല്ലാ

പരിശ്രമങ്ങളും സർക്കാർ നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ എൻ.ടി.പി.സി. ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. സംസ്ഥാനത്തെ വൈദ്യുത വകുപ്പിലെ സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ഡയറക്ടർ ബോർഡ് മെമ്പർമാരും വിവിധ സംസ്ഥാനങ്ങളിൽ പോയി അവരുമായി ചർച്ച നടത്തി. കേന്ദ്ര മന്ത്രിയുമായി ഞാൻ നേരിട്ട് സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയെ കാണുന്നതിനായി ഡൽഹിയിലെത്തിയെങ്കിലും അന്നത്തെ ദിവസം കൂടിക്കാഴ്ചയ്ക്ക് സമയം ലഭിച്ചില്ല. അധികവില നൽകിപ്പോലും കേരളത്തിലെ വൈദ്യുതി ആവശ്യം നേരിടുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, സെക്ഷൻ ഓഫീസുകളുടെ കുറവ് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പതിനായിരമോ പതിനയ്യായിരമോ കൺസ്യൂമേഴ്സിനെ മാത്രമേ ഒരു സെക്ഷൻ ഓഫീസിന് കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ മുപ്പതിനായിരവും മുപ്പത്തയ്യായിരവും കൺസ്യൂമേഴ്സുള്ള സെക്ഷൻ ഓഫീസുകൾ

നിലവിലുണ്ട്. 15 വർഷം മുമ്പ് ആര്യാടൻ മുഹമ്മദ് വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്ന സമയത്താണ് സെക്ഷൻ ഓഫീസുകൾ പുതിയതായി അനുവദിച്ചത്. അതിനുശേഷം അനുവദിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിൽ മുപ്പത്തിമൂവായിരം കൺസ്യൂമേഴ്സുള്ളൊരു സെക്ഷൻ ഓഫീസാണുള്ളത്. അവിടെ പ്ലൈവുഡ് കമ്പനികളുണ്ട്. അതിഥി തൊഴിലാളികൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്ന പ്രദേശമാണത്. മുപ്പത്തിമൂവായിരം കൺസ്യൂമേഴ്സിനെയുംകൊണ്ട് ഒരു സെക്ഷൻ ഓഫീസ് പ്രവർത്തിച്ചുകൊണ്ടുപോകുകയെന്നത് അസാധ്യമായ കാര്യമാണ്. മുമ്പ് ആര്യാടൻ മുഹമ്മദ് വൈദ്യുത വകുപ്പുമന്ത്രിയായിരുന്ന സമയത്ത് തിരുവാണിയൂറിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിച്ചിരുന്നു. ഈ സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിന് തടസ്സമായി പറയുന്നത് ഒരു പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് മാത്രമേ പാടുള്ളൂവെന്ന നിയമം നിലനിൽക്കുന്നുവെന്നുള്ളതാണ്. ആ നിയമം മാറ്റി കൺസ്യൂമേഴ്സിന്റെ എണ്ണത്തിനനുസരിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കേണ്ടതാണ്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കുറേ മാറ്റങ്ങൾ കൊണ്ടുവന്നു.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് നിയമസഭയിൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും അവതരിപ്പിക്കുന്നതിനുള്ള മാറ്റം കൊണ്ടുവന്നു. അതുപോലെ ഇത്തരം നിയമങ്ങൾ മാറ്റി കൺസ്യൂമേഴ്സിന്റെ എണ്ണത്തിനനുസരിച്ച് സെക്ഷൻ ഓഫീസുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണിത്. സെക്ഷൻ ഓഫീസുകളിലാണ് കൺസ്യൂമേഴ്സ് അവരുടെ ആവശ്യങ്ങൾക്കുവേണ്ടി എത്തുന്നത്. കൺസ്യൂമേഴ്സിന്റെ എണ്ണം, ഭൂവിസ്തൃതി ഇവയെല്ലാം പരിശോധിച്ചുകൊണ്ട് അത്യാവശ്യ സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കും. വാഴക്കുളം പഞ്ചായത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്.

<u>ശ്രീ. മനോജ് മൂത്തേടൻ</u>: സർ, രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിട്ട ഘട്ടത്തിൽ വളരെ വേഗത്തിൽ അത് പരിഹരിക്കുന്നതിന്

ആവശ്യമായ ക്രിയാത്മമായ നടപടി സ്വീകരിച്ച വൈദ്യുതി വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വീടുകളിൽ സോളാർ സ്ഥാപിക്കുന്നതിനായി ആയിരക്കണക്കിന് ആളുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഫീസുകളിൽ അപേക്ഷ നൽകുന്നുണ്ട്. പക്ഷേ, ഫീസിബിലിറ്റി പ്രശ്നം പറഞ്ഞ്, ട്രാൻസ്ഫോർമറിന് കപ്പാസിറ്റി ഇല്ലെന്ന പേരിൽ അവർക്ക് അനുവാദം കൊടുക്കാത്ത സാഹചര്യമുണ്ട്. വൈദ്യുതി പ്രതിസന്ധിയുടെ ഘട്ടത്തിൽ ആളുകൾക്ക് ആശ്വാസം നൽകുന്നതാണ് സോളാർ വൈദ്യുത പദ്ധതി. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി അടിയന്തരമായി വർധിപ്പിച്ച് സോളാർ വൈദ്യുത പദ്ധതിയെ പ്രോത്സാഹിപ്പിക്കാനുള്ള പോസിറ്റീവായ നടപടികൾ സർക്കാർ കൈക്കൊള്ളുമോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ചില സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾക്ക് ആവശ്യമായ കപ്പാസിറ്റിയില്ലെന്നുള്ള കാര്യം ശ്രദ്ധയിലുണ്ട്. അതിന് പരിഹാര നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാം.

*13-10-2026*

*Question Hour*

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, 2003-ൽ നിലവിൽ വന്ന നിയമമനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേകമായി ലൈൻ വലിക്കേണ്ടതായിട്ടുണ്ട്. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഒരു ഉത്തരവിനെ തുടർന്ന് ഈ അടുത്ത സമയത്താണ് അത് പ്രാബല്യത്തിൽ വന്നത്. ചില അപകടങ്ങളും അതിന് കാരണമായിട്ടുണ്ട്. ലോക്കൽ ബോഡികളാണ് ഇത്തരത്തിൽ ലൈനുകൾ വലിക്കേണ്ടി വരുന്നത്. ഇതിനായി അവർക്ക് ഭാരിച്ച ചെലവാണ് വരുന്നത്. ഓരോ ലോക്കൽ ബോഡിയുടെയും കീഴിൽ ഗ്രാമപ്രദേശങ്ങളിൽ ഏകദേശം 200 കി. മീ. മുതൽ 300 കി. മീ. വരെ ഇത്തരത്തിൽ സ്ട്രീറ്റ് ലൈൻ വലിക്കേണ്ടതുണ്ട്. ടൗണുകളിൽ അത് 100 കിലോമീറ്ററോളം വലിക്കേണ്ടി വരുന്നുണ്ട്. ഓരോ കി. മീ. ലൈൻ വലിക്കുന്നതിനും ഏകദേശം ഒരു ലക്ഷം രൂപ വീതം ചെലവ് വരുന്നുണ്ട്. ഇൻസുലേറ്റഡ് ആണെങ്കിൽ ഇതിന് രണ്ട് ലക്ഷം രൂപവരെ ചെലവാകുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നുകൊണ്ട് ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ വൈദ്യുതി വകുപ്പ് നടപടി സ്വീകരിക്കുമോ; സ്ട്രീറ്റ് ലൈനുകൾ വലിക്കുമ്പോൾ ലോക്കൽ

ബോഡികൾക്ക് ബാധ്യത വരാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽത്തന്നെ ചെയ്യുമോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണിത്. തെരുവ് വിളക്കുകളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പകൽ സമയങ്ങളിലും അത് പ്രകാശിച്ചുകൊണ്ടിരിക്കുന്നതായി പല ആളുകളും പരാതി പറയുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ലൈൻ വലിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അക്കാര്യത്തിൽ എന്ത് ചെയ്യാമെന്ന കാര്യം പരിശോധിക്കാം.

<u>ശ്രീ. സുമേഷ് അച്ചുതൻ</u>: സർ, സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സഹായിക്കുന്ന 25 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ടും അതിലെ ശിപാർശകളും സർക്കാർ പരിശോധിച്ച് പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

*13-10-2026*

*Question Hour*

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പദ്ധതി പ്രദേശത്ത് ഒരു വന്യജീവി സങ്കേതം വന്നതിനാൽ കുരിയാർകുറ്റി പദ്ധതിക്ക് നിർമ്മാണ തടസ്സം നേരിടുന്നുണ്ട്. അത് പരിഹരിക്കാനുള്ള ശ്രമം നടത്തും. അതുപോലെ കാരപ്പാറ പദ്ധതി ഇറിഗേഷൻ വകുപ്പിനുകീഴിലാണ്. അതിന്റെ PPFR തയ്യാറായിട്ടുണ്ട്. അതിന്റെ DPR തയ്യാറാക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)